# സമഗ്രഗുണമേന്മ വിദ്യാലയ വികസന രേഖ
## (മാതൃകാ സ്ക്കുൾ മാസ്റ്റർപ്ലാൻ)

ഇക്ബാൽ ഹയർ സെക്കന്ററി സ്ക്കുൾ, പെരിങ്ങമ്മല

ദൈവപ്പുര പി.ഒ

പാലോട് - ഉപജില്ല

ആറ്റിങ്ങൽ വിദ്യാഭ്യാസ ജില്ല

# ഇക്ബാൽ ഹയർ സെക്കന്ററി സ്കൂൾ

## പെരിങ്ങമ്മല

| സ്കൂളിനെ സംബന്ധിക്കുന്ന വിവരങ്ങൾ | |
|---|---|
| വിദ്യാലയത്തിന്റെ പേര് വിലാസം | ഇക്ബാൽ ഹയർ സെക്കന്ററി സ്കൂൾ<br>പെരിങ്ങമ്മല, ദൈവപ്പുര, പി.ഒ.<br>തിരുവനന്തപുരം -695563 |
| ഫോൺ നമ്പർ | 0472-2845543, 2846543 |
| സ്കൂൾ കോഡ് | എച്ച്.എസ്. 42067 എച്ച്.എസ്.എസ്. 01067 |
| വിദ്യാഭ്യാസ ഉപജില്ല | പാലോട് |
| വിദ്യാഭ്യാസ ജില്ല | ആറ്റിങ്ങൽ |
| റവന്യൂ ജില്ല | തിരുവനന്തപുരം |
| ബി.ആർ.സി. | പാലോട് |
| ഗ്രാമപഞ്ചായത്ത് | പെരിങ്ങമ്മല |
| ബ്ലോക്ക് പഞ്ചായത്ത് | നെടുമങ്ങാട് |
| ജില്ലാപഞ്ചായത്ത് | തിരുവനന്തപുരം |
| നിയമസഭാ മണ്ഡലം | വാമനപുരം |
| ലോകസഭാമണ്ഡലം | ചിറയിൻകീഴ് |
| താലൂക്ക് | നെടുമങ്ങാട് |
| വില്ലേജ് | തെന്നൂർ |
| ഇ-മെയിൽ | iqbalhs5@gmail.com<br>iqbal@gmail.com |

# Document Details

| | |
|---|---|
| ഡോക്കുമെന്റിന്റെ പേര് | മാതൃകാസ്ക്കൂൾ മാസ്റ്റർ പ്ലാൻ |
| പതിപ്പ് | 1.1 |
| വിവരണം | ഗുണമേന്മാവിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി സ്ക്കൂൾ തലത്തിൽ തയ്യാറാക്കിയ വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ |
| തയ്യാറാക്കിയവർ | സജിമോൾ വൈ (എച്ച്.എസ്.എ മലയാളം)<br>( [illegible] ) |
| അംഗീകരിച്ചവർ | എ. റസീന, പ്രിൻസിപ്പൽ<br>ഷീജ. എസ്. സലീഗം (H.M) |
| തീയതി | |

# ഉള്ളടക്കം


| ക്രമ നം. | ഉള്ളടക്കം | പേജ് നം |
|---|---|---|
| 1 | ആമുഖം | 5 |
| 2 | ലക്ഷ്യങ്ങൾ | 6 |
| 3 | വിദ്യാലയത്തിന്റെ ലഘുചരിത്രം | 9 |
| 4 | വിദ്യാലയം മികവിന്റെ കേന്ദ്രം | 12 |
| 5 | പദ്ധതി രൂപീകരണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ | 15 |
| 6 | നിലവിലെ അവസ്ഥാവിശകലനം | 16 |
| 7 | മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റ നോട്ടത്തിൽ | 26 |
| 8 | പദ്ധതി വിശദാംശങ്ങൾ | 28 |
| 9 | പ്രതീക്ഷിത നേട്ടങ്ങൾ | 87 |
| 10 | മോണിറ്ററിങ്ങ് | 91 |
| 11 | ഉപസംഹാരം | 91 |
| 12 | അനുബന്ധം<br>1. വിദ്യാലയത്തിന്റെ സ്കെച്ച്<br>2. കുട്ടികളുടെ എണ്ണം<br>3.. അധ്യാപകരുടെ പേര് വിവരങ്ങൾ<br>4. ഇക്ബാൽ കോളേജ് ട്രസ്റ്റ്<br>5. അധ്യാപക രക്ഷകർതൃസമിതി<br>6. മികവുകൾ, നേട്ടങ്ങൾ<br>7. സ്ക്കൂൾ കലണ്ടർ<br>8. സ്ക്കൂൾ സാരഥികൾ<br>9. മികവുകൾ ഒറ്റ നോട്ടത്തിൽ<br>10. സ്ക്കൂൾതല പ്രവർത്തനങ്ങൾ | 92 |

# 1. ആമുഖം

മഞ്ഞിൽ വിടരുന്ന പൊന്നിൻ താഴ്‌വാരത്തുള്ള പെരിങ്ങമ്മല എന്ന ഗ്രാമം - കാട്ടാറും കാനനച്ചോലയും കിന്നാരം പറയുന്ന ഈ മലയോരപ്രദേശം ഒരു നൂറ്റാണ്ടിനപ്പുറം നിബിഡമായ വനമായിരുന്നു. തമിഴിലും മലയാളത്തിലും പ്രചാരത്തിലിരുന്ന 'പെരിയമല' എന്ന പദത്തിൽ നിന്നാണ് പെരിങ്ങമ്മല എന്ന പേര് രൂപം കൊണ്ടത് എന്ന് പറയപ്പെടുന്നു. 'പെരുംതേൻമല' എന്നും ഈ പ്രദേശത്തിന് പേരുണ്ടായിരുന്നത്രേ.

ജൈവവൈവിധ്യങ്ങളാൽ സമ്പുഷ്ടമായ പെരിങ്ങമ്മല വലുപ്പത്തിൽ ജില്ലയിൽ ഒന്നാമത്തേതും സംസ്ഥാനത്തെ രണ്ടാമത്തേതുമായ പഞ്ചായത്താണ്. വളരെ പിന്നോക്കാവസ്ഥ യിലുള്ള കുടുംബങ്ങൾ വസിക്കുന്ന ഈ പ്രദേശത്താണ് ഇക്ബാൽ കോളേജ് ട്രസ്റ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇക്ബാൽ ഹയർ സെക്കന്ററി സ്ക്കൂൾ സ്ഥിതിചെയ്യുന്നത്. സാധാരണക്കാരിൽ സാധാരണക്കാരുടെ മക്കൾ പഠിക്കുന്ന ഈ വിദ്യാലയത്തിന് 42 വർഷത്തെ പ്രവർത്തന പാരമ്പര്യമുണ്ട്.

മേൽ സൂചിപ്പിച്ചതുപോലെ പിന്നോക്കാവസ്ഥയിലുള്ള പ്രദേശമായതിനാൽ വീടുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി പഠനനിലവാരം വർദ്ധിപ്പിക്കുന്നതിൽ പരിമിതികളുണ്ട്. ആയതിനാൽ വിദ്യാലയത്തിലെത്തുമ്പോൾ അധ്യാപകർ നൽകുന്ന അകമഴിഞ്ഞ പിന്തുണയും പ്രോത്സാഹനങ്ങളുമാണ് കുട്ടികളുടെ പഠനനിലവാരത്തെ സ്വാധീനിക്കുന്നത്. പ്രവൃത്തി ദിനങ്ങളിലും, അവധി ദിനങ്ങളിലും ലഭ്യമാക്കാൻ കഴിയുന്ന സമയം പരമാവധി പ്രയോജനപ്പെടുത്തി അദ്ധ്യാപകർ ഈ സ്ക്കൂളിലെ കുട്ടികളുടെ മികച്ച വിജയത്തിന് വേണ്ടി പ്രവർത്തിക്കുന്നു.

സ്ക്കൂളിലെ അധ്യാപകർക്കൊപ്പം വിദ്യാഭ്യാസവകുപ്പിന്റെയും ഇക്ബാൽ കോളേജ് ട്രസ്റ്റിന്റെയും, പി.റ്റി.എ. യുടേയും കൂടാതെ അഭ്യുദയകാംക്ഷികളുടേയും സഹായസഹകരണങ്ങൾ ഉള്ളതുകൊണ്ടാണ് ഞങ്ങൾക്ക് ഈ വിജയം കൈവരിക്കാൻ സാധിക്കുന്നത്.

2. ലക്ഷ്യങ്ങൾ

- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങളും സൗകര്യങ്ങളും, പഠനാന്തരീക്ഷവും വിദ്യാലയങ്ങളിൽ ഉറപ്പു വരുത്തുക
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതികവും മാനസികവും സാംസ്ക്കാരികവുമായ സൗകര്യങ്ങൾ ഒരുക്കുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക
- മദ്യപാനം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ ഉപയോഗം പുതുതലമുറയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക
- ലൈബ്രറികൾ നവീകരിക്കുകയും ഡിജിറ്റൽ ലൈബ്രറി എന്ന സ്വപ്നത്തിലേയ്ക്ക് എത്താനുമുള്ള വഴികൾ തുറക്കുകയും ചെയ്യുക
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരി എന്നിവയിൽ നിന്ന് വിമുക്തമായ ക്യാംപസ് സൃഷ്ടിക്കുക
- അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന കഴിവും പഠന മികവും, നമ്മുടെ സ്ക്കൂളിലെ സമപ്രായക്കാർ നേടി എന്നുറപ്പുവരുത്തുക
- ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ട് അവരുടെ കഴിവുകൾ ഏറ്റവും ഉയർന്ന തലത്തിലെത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക
- മതനിരപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുള്ള യാത്രായ്ക്കാവശ്യമായ മൂല്യബോധങ്ങൾ നേടാനുള്ള അവസരങ്ങൾ ഒരുക്കുക
- പരിസ്ഥിതിക ബോധം, സാമൂഹിക ബോധം, മാലിന്യനിർമ്മാർജ്ജന ബോധം, ലിംഗാവബോധം,

വിമർശനാവബോധം, എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക

- പഠനത്തെ പരിസരവുമായി ബന്ധപ്പെടുത്തി ആവാസ പരിസരസാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും, സ്കൂൾ ക്യാംപസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും അതിനായി ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾ വിപുലീകരിക്കുക
- ടാലന്റ് ലാബ് - എല്ലാ വിദ്യാർത്ഥികൾക്കും ഒരേ സമയം അതാത് ക്ലാസ്സുകൾക്ക് പരീക്ഷണത്തിലേർപ്പെടാൻ സൗകര്യമുള്ളതും സുരക്ഷിതത്വമുള്ളതുമായി ലാബുകൾ സൃഷ്ടിക്കുക
- ഹൈസ്കൂൾ തലത്തിൽ നിലവിലുള്ള പാഠ്യപദ്ധതിയിൽ ഉദ്ഗ്രഥിച്ചും ഹയർസെക്കന്ററിയിൽ തൊഴിൽപരിചയം പോലുള്ളവ ഉൾപ്പെടുത്തിയും തൊഴിൽ ആഭിമുഖ്യം വളർത്തുക
- ഓരോ വിദ്യാർത്ഥിയുടേയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനുമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കി ഒരുക്കി വികസിപ്പിക്കുക
- വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്ന തിനുള്ള ശ്രമങ്ങൾ ഉണ്ടാക്കുകയും ജീവിതശൈലി രോഗങ്ങൾ വരാതിരിക്കാനും സ്കൂൾ പ്രായത്തിൽത്തന്നെ വ്യായാമ ത്തിനും കളികൾക്കും പ്രത്യേക പരിഗണന നൽകുക
- വിദ്യാലയത്തിൽ എത്തിച്ചേരാൻ അസൗകര്യമുള്ള പ്രദേശ ങ്ങളിൽ വാഹനസൗകര്യം ഏർപ്പെടുത്തുക
- മാലിന്യനിർമ്മാർജ്ജനം ഒരു സംസ്ക്കാരമായി രൂപപ്പെടു ത്തിയെടുക്കുക
- കലാ-കായിക പ്രവർത്തിപരമായ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടു ത്തുക
- കാർഷിക സാംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെ ടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ - കൃഷിരീതികൾ പരിചയപ്പെടുത്തുക. അതിനായി വിദ്യാലയത്തിലും കുട്ടിക ളുടെ ഭവനങ്ങളിലും വിദ്യാർത്ഥിക ളുടെ പങ്കാളിത്തത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കുക

- എല്ലാ കുട്ടികൾക്കും യോഗാപരിശീലനം ലഭ്യമാക്കുകയും വിദ്യാലയ മികവുകൾ പൊതുസമൂഹമായി പങ്കുവയ്ക്കുകയും ചെയ്യുക
- പൂർവ്വ വിദ്യാർത്ഥികളെയും തദ്ദേശ സ്വയംഭരണ പ്രതിനിധികളേയും, മറ്റ് ജനപ്രതിനിധികളെയും, വിദ്യാഭ്യാസ തൽപരരായ വ്യക്തികളെയും സ്ക്കൂൾ വികസന പ്രവർത്തനങ്ങളിൽ കണ്ണികളാക്കുക

## 3. വിദ്യാലയത്തിന്റെ ലഘുചരിത്രം

ഇക്ബാൽ കോളേജ് ട്രസ്റ്റിന്റെ കീഴിൽ 1976 ജൂൺ 1-ാം തീയതി ഇക്ബാൽ എച്ച്.എസ്. ആരംഭിച്ചു. തുടക്കത്തിൽ 8-ാം ക്ലാസ്സ് മാത്രമേ ഉണ്ടായിരുന്നുള്ളൂ. 1978-79 ആയപ്പോഴേക്കും 8,9,10 ക്ലാസുകളോട് കൂടി പൂർണ്ണ രൂപത്തിലാവുകയും ചെയ്തു. 1998-ൽ സയൻസ്, കോമേഴ്സ്, ഹ്യുമനിറ്റീസ്, ബാച്ചോടുകൂടി ഹൈസ്ക്കൂൾ ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു.

ഇക്ബാൽ കോളേജ് ട്രസ്റ്റും അതിന്റെ സ്ഥാപനങ്ങളും അറിയപ്പെടുന്നത് കവിയും, തത്ത്വചിന്തകനും, ദേശസ്നേഹിയും, വിദ്യാഭ്യാസ വിചക്ഷണനുമായിരുന്ന സർ. ഡോ. അല്ലാമ മുഹമ്മദ് ഇക്ബാലിന്റെ നാമധേയത്തിലാണ്.

നെടുമങ്ങാട് താലൂക്കിലെ പെരിങ്ങമ്മലയിൽ 1964 ൽ ചാരിറ്റബിൾ ആക്ട് പ്രകാരം രൂപീകൃതമായ ഇക്ബാൽ കോളേജ് ട്രസ്റ്റ് തിരുവനന്തപുരത്തു നിന്നും വെറും 43 കി.മീറ്റർ മാത്രം അകലെയാണ്.

ഇക്ബാൽ കോളേജ് ട്രസ്റ്റിന്റെ ആദ്യസ്ഥാപനം 1964 ൽ സ്ഥാപിതമായ ഇക്ബാൽ കോളേജാണ്, അതിന് പിന്നാലെ ഇക്ബാൽ ഹൈസ്ക്കൂളും, തുടർന്ന് ഇത് ഹയർ സെക്കന്ററിയായി ഉയർത്തപ്പെട്ടു.

പെരിങ്ങമ്മലയുടെ നാഡീസ്പന്ദനങ്ങൾ ഏറ്റുവാങ്ങിയ ഈ വിദ്യാലയം വളരെ സുന്ദരമായ പശ്ചിമഘട്ടത്തിലെ 'പൊന്മുടി' മലനിരയുടെ താഴ്വാരത്ത് പെരിങ്ങമ്മല പഞ്ചായത്തിന്റെ ഹൃദയഭാഗത്താണ്. ആദിവാസികളും മറ്റ് പിന്നോക്ക വിഭാഗങ്ങളും താമസിക്കുന്ന ഈ പഞ്ചായത്തിൽ ഭൂരിഭാഗം ജനങ്ങളും, കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ച് കഴിയുന്ന വിഭാഗക്കാരാണ്. കേരളത്തിലെ തന്നെ ഏറ്റവും പിന്നോക്ക പ്രദേശങ്ങളിലൊന്നാണ് ഇത്.

പെരിങ്ങമ്മലയിലെ കുടിയേറ്റക്കാർ ആപേക്ഷികമായി പരിഷ്കൃത സമൂഹത്തിൽ നിന്നും എത്തിയവരാണ്. വ്യാപക മായിട്ടല്ലെങ്കിൽപ്പോലും ചിലർക്കൊക്കെ പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചവരായിരുന്നു. നിലത്തെഴുത്താശാന്മാരിൽ നിന്നാണ് നമ്മുടെ നാടിന്റെ അദ്ധ്യയന ചരിത്രം തുടങ്ങുന്നത്. അവിടെ നിന്നാണ് കമ്പ്യൂട്ടറിന്റെയും ഇന്റർനെറ്റിന്റെയും ലോകത്ത് എത്തിനിൽക്കുന്നത്.

പെരിങ്ങമ്മല നിവാസികളുടെ വിദ്യാഭ്യാസത്തിന്റെ ആശാകേന്ദ്രമായി മാറിയ ഇക്ബാൽ ഹയർ സെക്കന്ററി സ്കൂളിലെ ഭൂരിപക്ഷം കുട്ടികളും വരുന്നത് സാമ്പത്തികമായും സാമൂഹികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളിൽ നിന്നാണ്.

1979 ന് മുമ്പ് ഹൈസ്ക്കൂൾ വിദ്യാഭ്യാസ സൗകര്യങ്ങൾക്ക് വളരെ പരിമിതമായിരുന്ന പെരിങ്ങമ്മല എന്ന ഗ്രാമത്തിൽ കുട്ടികൾക്കാവശ്യമായ വിദ്യാഭ്യാസം നൽകുക എന്നത് ഭൂരിപക്ഷം പേർക്കും വളരെ ചിലവേറിയ ഒന്നായിരുന്നു. അങ്ങനെയൊരു സാഹചര്യത്തിൽ പെരിങ്ങമ്മലയിൽ ഹൈസ്ക്കൂൾ അത്യാവശ്യമായിവരുകയും അതിലേയ്ക്കായി ട്രസ്റ്റ് മുൻകൈ എടുത്ത് 1976 ൽ ഇക്ബാൽ ഹൈസ്ക്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഈ സ്കൂളിലെ ആദ്യത്തെ അദ്ധ്യാപികയായി എത്തിച്ചേർന്ന ശ്രീമതി. എ. ലൈലാബീവിയാണ് ഈ സ്ക്കൂളിലെ പ്രഥമാദ്ധ്യാപിക. ആദ്യത്തെ പ്രവേശനം നേടിയ വിദ്യാർത്ഥി എ. സൈനുദ്ദീനാണ്.

പെരിങ്ങമ്മല നിവാസികളുടെ വിദ്യാഭ്യാസത്തിന്റെ ആശാകേന്ദ്രമായി മാറിയ ഇക്ബാൽ ഹൈസ്ക്കൂളിൽ 12 ഡിവിഷനും, ഹയർസെക്കന്ററിയിൽ 14 ഡിവിഷനിലുമായി ആകെ 1298 വിദ്യാർത്ഥികൾ ഇവിടെ അധ്യയനം നടത്തിവരുന്നു. പിൽക്കാലത്ത് സമീപപ്രദേശങ്ങളിൽ പല വിദ്യാലയങ്ങൾ ആവിർഭവിച്ചതു മൂലം ഇവിടെ വിദ്യാർത്ഥികളുടെ സംഖ്യ ക്രമേണ കുറയുവാൻ തുടങ്ങി. എന്നാൽ ഇന്ന് സ്ക്കൂൾ പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരവിന്റെ പാതയിലാണ്. ഈ കാലയളവിനുള്ളിൽ 8 ഹെഡ്മാസ്റ്റർ / ഹെഡ്മിസ്ട്രസ്മാരും 2 പ്രിൻസിപ്പൽമാരും ഈ സ്ക്കൂളിൽ സേവന മനുഷ്ഠിച്ചിട്ടുണ്ട്.

7. മികവിനായി ഏറ്റെടുത്ത പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| ഭാഷാശേഷിവികസനം | ചുറ്റുമതിൽ, ഗേറ്റ് | പി.റ്റി.എ ശക്തിപ്പെടുത്തൽ |
| ഗണിതശാസ്ത്രവികസനം | കളിസ്ഥലം | പൂർവ്വവിദ്യാർത്ഥികളുടെ പ്രവർത്തനം |
| ഇംഗ്ലീഷ് പഠനപരിപോഷണം | കുട്ടികളുടെ പാർക്ക് | ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ |
| ശാസ്ത്രപരിപോഷണം | കുട്ടികളുടെ ക്ലാസ് മുറികൾ | വിദ്യാഭ്യാസ പ്രവർത്തകർ |
| വായനാപരിപോഷണം | ഓഫീസ് മുറി, സ്റ്റാഫ് മുറി, വിശ്രമമുറി | പൂർവ്വ അധ്യാപകർ |
| ലൈബ്രറി ശാക്തീകരണം | കമ്പ്യൂട്ടർ മുറി , മൾട്ടിമീഡിയ റൂം, ലൈബ്രറി | സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ |
| ലബോറട്ടറി ആധുനികവൽക്കരണം | പാചകപ്പുര, ഡൈനിംഗ് ഹാൾ | ക്ലാസ് പി.റ്റി.എ. മാതൃകാപരമാക്കുന്നതിനുള്ള നടപടികൾ |
| ജൈവവൈവിധ്യപാർക്ക് | കുടിവെള്ള വിതരണം | വിദ്യാലയ മികവുകൾ, പൊതുസമൂഹവുമായി പങ്കിടൽ |
| സാഹിത്യപരിപോഷണ പരിപാടികൾ | അസംബ്ലി ഹാൾ, മാലിന്യ സംസ്ക്കരണം | വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ |
| പഠനയാത്രകൾ | ടോയ്‌ലറ്റ് | പൊതുസമൂഹത്തിന്റെ അവധി ദിവസങ്ങളിൽ |
| സെമിനാറുകൾ, കലാകായിക മേളകൾ | ലബോറട്ടറി | ഇ-സാക്ഷരത |
| ഐ.റ്റി.പരിശീലനം, അധ്യാപക ശാക്തീകരണ പരിപാടികൾ | ജന്മദിനത്തിനൊരു പുസ്തകം | പഠനക്കൂട്ടം |
| ക്ലാസ് പി.റ്റി.എ ശക്തമാക്കൽ, സ്ക്കൂൾ, പത്രം, മാസിക | എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം | പ്രാദേശിക പി.റ്റി.എ |
| പ്രവൃത്തിപരിചയ പഠനം | ഭാഷോത്സവം | ഭവനസന്ദർശനം |
| എസ്.ആർ.ജി. ശാക്തീകരണം | എന്റെ ചെടി എനിക്ക് പറയാനുള്ളത് | |
| ശാസ്ത്രഅഭിരുചി വളർത്തൽ | ഗണിതോത്സവം | |
| പച്ചക്കറിത്തോട്ടം | ഐഡി കാർഡ്. | സഹപാഠിക്കൊരു വീട് |

| | | |
|---|---|---|
| | സ്ക്കൂൾ ഡയറി | |
| ശില്പശാല | ദിനാചരണങ്ങൾ | ജീവകാരുണ്യ പ്രവർത്തനങ്ങൾ |
| അഭിമുഖങ്ങൾ | ഗാന്ധിദർശൻ | ഗ്രാമപത്രം |
| മെഡിക്കൽ ക്യാമ്പ് | അധ്യാപകരില്ലാത്ത ക്ലാസ്സുകൾ സർഗ്ഗപരം | സ്ക്കൂൾ കലണ്ടർ |
| പോഷകാഹാര പരിപാടി | പഴയകാല ഉപകരണ പ്രദർശനം | മോക്ക് പാർലമെന്റ് |
| ഗണിതലാബ്, ഗണിതാന്തരീക്ഷം ഒരുക്കൽ | ജൈവവൈവിധ്യ പാർക്ക് | എൻട്രൻസ് സിവിൽ സർവ്വീസ് കോഴ്സ് പരിശീലനം |
| ഭാഷാലാബ്, ബ്ലോഗ് | യോഗ | |
| ടേംമൂല്യനിർണ്ണയം, നിരന്തര മൂല്യനിർണ്ണയം | നീരുറവ സംരക്ഷണം | |
| ദിനാചരണങ്ങൾ | വ്യക്തിത്വവികസനം | |
| കായികപഠനം | ഒരുകൈത്താങ്ങ് | |
| ഗവേഷണാത്മകമായ പ്രവർത്തനങ്ങൾ | സ്ക്കൂൾ പാർലമെന്റ് | |

# 8. പദ്ധതി വിശദാംശങ്ങൾ

8.1 മേഖല- അക്കാദമികം ഉപമേഖല-ഭാഷ വിഷയം: അറബിക്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| അറബിഭാഷ വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ | പാഠഭാഗവുമായി ബന്ധപ്പെട്ട ആഡിയോ-വീഡിയോ സംവിധാനങ്ങൾ ഉപയോഗിച്ച് കേൾക്കാനും, കാണാനും, പറയാനുമുള്ള അവസരങ്ങൾ ക്രമീകരിക്കുന്നു. കഥകൾ, നാടകങ്ങൾ ഇവ അവതരിപ്പിക്കുന്നതിന് വ്യത്യസ്ത തന്ത്രങ്ങൾ കണ്ടെത്തുന്നു. സംഭാഷണത്തിനുള്ള അവസരങ്ങൾ ഉപയോഗപ്പെടുത്തുന്നു | അക്കാദമികം, (ലക്ഷ്യം നേടുന്നതുവരെ) | അധ്യാപകൻ |
| അറബിഭാഷാപഠനം ആകർഷകമാക്കുക | ചാർട്ടുകൾ, കഥകൾ, പ്രസംഗങ്ങൾ, കവിതകൾ എന്നിവയിലൂടെ പഠനം ദിനാചരണങ്ങൾ, പോസ്റ്ററുകൾ, ആഡിയോ വീഡിയോകൾ | ഹ്രസ്വം | അധ്യാപകൻ കുട്ടികൾ |
| അറബിസാഹിത്യോത്സവത്തിന് സജ്ജമാക്കുക | ക്വിസ് മത്സരങ്ങൾ, കവിതാപാരായണം, നിഘണ്ടു നിർമ്മാണം, നാടകം, പ്രസംഗം, കഥാപ്രസംഗം, അന്താക്ഷരി പദനിർമ്മാണ പരിശീലനം ജീവചരിത്ര കുറിപ്പ്, ഗാനാലാപനം | ദീർഘം | അധ്യാപകൻ, കുട്ടികൾ |

| | | | |
|---|---|---|---|
| സർഗ്ഗശേഷി വികസനം | കയ്യെഴുത്തു മാസികകൾ, വ്യക്തിഗതമായും, ഗ്രൂപ്പായും തയ്യാറാക്കുകയും ചുമർപത്രിക വായനകാർഡ് നിർമ്മാണം ഇവ ചെയ്യുക ഏറ്റവും മികച്ചതിന് സമ്മാനം നൽകുന്നു | ദീർഘം | അധ്യാപകൻ |
| ദിനാചരണങ്ങൾ അറബ് ഫെസ്റ്റ്, ആശയവിനിമയ ശേഷി, അറബിയിലൂടെ ഐ.സി. റ്റി. ഉപയോഗം, അറബിക് അസംബ്ലി | പോസ്റ്റർ തയ്യാറാക്കൽ ലൈബ്രറി ഉപയോഗപ്പെടുത്തുക അറബിക് ബ്ലോഗ് പരിചയപ്പെടുത്തുക | ദീർഘം | അധ്യാപകൻ |

8.2 മേഖല അക്കാദമികം

ഉപമേഖല: ഭാഷ

## വിഷയം: ഭാഷാപഠനവും അടിസ്ഥാന ശേഷി ആർജ്ജിക്കലും

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | 1. പ്രീ ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷരകാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമ്മിക്കുക<br>7. വാക്യങ്ങൾ നിർമ്മിക്കൽ<br>8. ചിത്രങ്ങൾ നൽകി അടിക്കുറിപ്പ് തയ്യാറാക്കൽ<br>9. ചിത്രം-കഥ പറയൽ<br>10. കഥ-ബാക്കി എഴുതൽ<br>11. കഥാപുസ്തകം - വായനക്കുറിപ്പ് തയ്യാറാക്കൽ<br>12. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകശ്രദ്ധയും ക്ലാസ്സും | 8-ാം ക്ലാസ്സ് വിദ്യാർത്ഥികളെ ആസ്പദമാക്കി 2017-2018 അധ്യയന വർഷം മുതൽ | അതത് ഭാഷ കൈകാര്യം ചെയ്യുന്ന അധ്യാപകർ | വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ ചെലവ്<br><br>അധ്യാപക സ്വയം വഹിക്കുന്നത് |
| 2 | കുട്ടികളെ ഭാഷയിലും സാഹിത്യത്തിലും താല്പര്യമുള്ളവരാക്കുക | 1. കഥകൾ പങ്കുവയ്ക്കൽ<br>2. കവിതാ ശകലങ്ങൾ ചാർട്ടുകളിൽ പ്രദർശിപ്പിക്കൽ<br>3. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട സംഭാഷണങ്ങൾ തയ്യാറാക്കൽ<br>അവതരിപ്പിക്കൽ | തുടർ മാസത്തിലുള്ള പ്രവർത്തനങ്ങൾ<br><br>തുടർന്ന് വരുന്ന | ക്ലാസ്സ് ടീച്ചർ ഭാഷാ അധ്യാപകർ<br><br>എച്ച്.എം. ഭാഷാ അധ്യാപകർ | അദ്ധ്യാപകർ പി.ടി.എ<br><br>പി.റ്റി.എ. അധ്യാപകർ. സന്നദ്ധ |

| | | | | | |
|---|---|---|---|---|---|
| | എല്ലാ കുട്ടികളെയും വായന, ലേഖനം, ചിത്രരചന തുടങ്ങിയ മേഖലകളിൽ സർഗ്ഗാത്മകശേഷി വികസിപ്പിക്കൽ | 4. വായിച്ച കഥകളെയോ കവിതകളെയോ പരിചയപ്പെടുത്തിക്കൊണ്ട് സുഹൃത്തിന് കത്ത് തയ്യാറാക്കൽ<br>5. ആകാശവാണി ക്ലബ്ബിലൂടെ കവിതാലാപനം<br>6. പ്രസിദ്ധ കവികളുടെ കവിതകൾ ശ്രവിക്കാൻ അവസരം<br>7. പാഠഭാഗങ്ങളുടെ നാടകീകരണം<br>8. സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ (ജന്മ-ചരമ ദിനാചരണവേളകളിൽ ഫോട്ടോ, കൃതികൾ, കഥാപാത്രങ്ങൾ)<br>9. മലയാള സാഹിത്യചരിത്രം എന്നിവയുമായി ബന്ധപ്പെട്ട സ്ഥലങ്ങൾ സന്ദർശിക്കൽ<br>10. വിദ്യാരംഗം, മലയാളം ക്ലബ് പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കൽ | മാസങ്ങളിലെ പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചേഴ്സ് | സംഘടനകൾ പൂർവ്വ വിദ്യാർത്ഥികൾ |
| 3 | കുട്ടിയെ മികച്ച വായനക്കാരനാക്കുക | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>2. ക്ലാസ് ലൈബ്രറി വായനമൂല | പ്രതിമാസ പരിപാടികൾ | ഭാഷാ അധ്യാപകർ വിദ്യാർത്ഥികൾ | പി.ടി.എ മാനേജ്മെന്റ് |

| | | | | | |
|---|---|---|---|---|---|
| | | സ്വീകരിക്കൽ<br>3. സ്കൂൾ ലൈബ്രറിയുടെ നവീകരണം<br>4. സമീപഗ്രന്ഥശാല പരിചയപ്പെടുത്തൽ - അംഗത്വമെടുക്കൽ<br>5. പത്രവായന<br>6. വായനാനുഭവം പങ്കുവയ്ക്കൽ<br>7. വായനാക്കുറിപ്പ് പതിപ്പ് തയ്യാറാക്കൽ<br>8. പുസ്തക ചർച്ച - ചർച്ചാക്കുറിപ്പ്<br>9. ആകാശവാണി ക്ലബ് രൂപീകരണം<br>10. ആനുകാലിക പ്രസിദ്ധീകരണങ്ങൾ ശേഖരിക്കൽ വായന<br>11. ദിനാചരണങ്ങൾ<br>12. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം - ക്ലാസ്സ് സഭ<br>13. വായനാ സാമഗ്രികൾ വികസിപ്പിക്കൽ<br>14. ആസ്വാദകരമായ വായന<br>15. വായനക്കൂടം മോണിറ്ററിംഗ്<br>16. കാവ്യക്കൂടം | | | |
| 4 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | 1. എഴുത്തുകൂട രൂപീകരണം<br>2. പുസ്തക ചർച്ച<br>3. ക്ലാസ്സ് ലൈബ്രറി<br>4. വായനക്കുറിപ്പ് പതിപ്പ് | പ്രതിമാസ പരിപാടി | എച്ച്.എം. വിദ്യാരംഗം കലാ സാഹിത്യ വേദി ഭാഷാധ്യാപ | സ്പോൺസർഷിപ്പുകൾ |

8.3 Area Academic. Sub Area Language Subject: English

| No | Objectives | Activities | Maternal | Till |
|---|---|---|---|---|
| 1 | To promote the communicative skills if the students | English club | English Audio Video CDS, Magazines | One |
| 2 | To develop speaking and writing skills | English Assembly | News papers Model speeches | Once |
| 3 | To develop Reading and writing skills | English diary | Magazines Library books | Daily |
| 4 | To promote creative thinking of the pupil | English bulletin | New papers | Once |
| 5 | To develop creative skill | English Theatre | Audio Video Aids | Twice |
| 6 | To make the students the language without grammatical errors | Gramer school | Audio and Video Aids | An , is |
| 7 | To develop the interpersonal skills of the learner | English corner | Books, Periodicals News papers | Da |
| 8 | To familiarize the different aspects of a film To organize film festivals | Film Festival | Films of famous directors | Once |
| 9 | To develop the ability to conduct interviews | Interviews | Questionnaire | Once |
| 10 | To enhance the aesthetic sense of the learner | Field Trip | - | Once |

| Aim and Objective | Activities | Duration | Materials support |
|---|---|---|---|
| 1. Finding background students and remedial teaching | Pretest<br>(For understanding students drawback and excellence)<br>Activities to solve draw backs<br>• word cards<br>• Sentence cards<br>• Caption making<br>• Story telling using a picture<br>• picture reading<br>• conversation cards<br><br>Peer guage games<br>Reading corner<br>Provides story books<br>• English assembly<br>• Movie clip quiz<br>• song gap fill<br>• Adjectives drawn eg.10mg snake<br>• Blind fold week e.g.go forucard<br>• Radio club (using mike)<br>• English club<br>• Day celebrations (wall magazines) | June 1 week<br><br><br><br><br><br><br><br><br><br><br><br>Once in a week<br><br><br><br><br><br><br><br>June to February | <br><br><br><br>Cards pictures story books<br>ICT<br><br><br><br><br><br><br><br><br>ICT<br><br><br><br><br><br><br><br>Mike |

8.4. മേഖല അക്കാദമികം

ഉപമേഖല- സയൻസ്

## വിഷയം: ഫിസിക്കൽ സയൻസ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | പ്രീ ടെസ്റ്റ്<br>അക്ഷരങ്ങൾ ഉറപ്പിക്കൽ (മലയാളത്തിളക്കം പ്രയോജനപ്പെടുത്തൽ) | ഒരു മാസം | സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്<br>പി.റ്റി.എ<br>എസ്.എം.സി |
| 2 | കുട്ടി വിഷയബന്ധിതമായി ആർജ്ജിക്കേണ്ട അറിവ്. ശേഷികൾ. മനോഭാവം. മൂല്യങ്ങൾ. ആർജ്ജിക്കുന്നു (പ്രീവിയസ് സ്റ്റാൻഡാർഡ് ഉൾപ്പെടെ) | പ്രീ ടെസ്റ്റ് പുസ്തക വായന - ചർച്ച - സംഘ പ്രവർത്തനം<br>വായനക്കുറിപ്പ് പതിപ്പ് മുതലായവ പൊതുവേദിയിൽ അവതരിപ്പിക്കുന്നു<br>മോണിറ്ററിംഗ് | 2 മാസം | പാഠപുസ്തകം<br>വായനാ സാമഗ്രികൾ<br>ലൈബ്രറി<br>എസ്.ആർ.ജി.<br>പി.റ്റി.എ..<br>ബി.ആർ.സി./<br>ഇ.റ്റി.എസ്.എം.സി |
| 3 | സമൂഹത്തിന്റെ ഇതുപര്യന്തമുള്ള വികാസങ്ങൾ തിരിച്ചറിയുന്നു. സാമൂഹിക മാറ്റങ്ങളിൽ പങ്കാളിയാകുകയെന്ന ഉത്തരവാദിത്വം നിറവേറ്റാൻ കുട്ടിയെ പ്രാപ്തനാക്കുക ജനാധിപത്യ ബോധം. മതനിരപേക്ഷചിന്ത. ദേശീയ ബോധം സഹിഷ്ണുത. സഹകരണ മനോഭാവം. സംഘബോധം പ്രതികരണശേഷി തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നു | നിരീക്ഷണം<br>വിവരശേഖരണം<br>താരതമ്യം<br>വിശകലനം<br>നിഗമനം രൂപപ്പെടുത്തൽ<br>പ്രവചിക്കൽ<br>അനുമാനിക്കൽ<br><br>സെമിനാർ<br>ഗ്രൂപ്പ് ചർച്ച<br>സംവാദം<br>അഭിമുഖം<br>ഫീൽഡ്ട്രിപ്പ്<br>പ്രോജക്ട് | 6 മാസം | പാഠപുസ്തകം<br>മറ്റ് പുസ്തകങ്ങൾ<br>പത്രമാസികകൾ<br>ദൃശ്യമാധ്യമങ്ങൾ<br>ചരിത്രപുസ്തകങ്ങൾ<br>ഭൂപടങ്ങൾ<br>ചിത്രങ്ങൾ<br>സിനിമാ നാടകം<br>ഐ.സി.റ്റി. സാധ്യതകൾ<br><br>എസ്.ആർ.ജി. പി.റ്റി.എ<br>ഡി.ആർ.ജി.<br>ബി.ആർ.സി |

8.5 മേഖല അക്കാദമികം ഉപമേഖല : സയൻസ് വിഷയം: ഗണിതം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|---|
| 1 | ചതുഷ്ക്രിയകളുടെ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. Pre test<br>2. Multiplication table<br>3. Magic square<br>4. finger play<br>5. Scholl bank<br>6. puzzles<br>7. maths games | ഒരു മാസം | ഐ.സി.ടി<br>ക്ലാസ്റൂം<br>മാത്സ്<br>എഡിഷൻസ്<br>പി.ടി.എ<br>എസ്.എം.സി<br>സി.പി.ടി.എ |
| 2 | സംഖ്യകൾ | 1. പ്രീ-ടെസ്റ്റ്<br>2. ഭാഗങ്ങളുടെ സംഖ്യ<br>3. പേപ്പർ സ്ട്രിപ്പുകൾ<br>4. വൃത്താകൃതിയിലുള്ള കാർഡ് ബോർഡുകൾ<br>5. ഷെയ്ഡ് ചെയ്തുള്ള പ്രവർത്തനം<br>6. മുത്തുകൾ ഉപയോഗിച്ചുള്ള പ്രവർത്തനം<br>7. വർക്ക് ഷീറ്റ് | ഒന്നര മാസം | മാത്സ് ക്ലബ്ബ്<br>ഐ.സി.ടി<br>ഗെയിംസ് ആൻ പസിൽസ് |
| 3 | ജ്യാമിതി | 1. രൂപ ചിത്രങ്ങൾ<br>2. പാറ്റേൺ<br>3. ഡയഗ്രം<br>4. മോഡൽസ്. ഷേയ്പ്സ് | 6 മാസം | ഐ.സി.ടി<br>മാത്സ്<br>എക്സിബിഷൻ |
| 4 | ബീജ ഗണിതം | 1. നിത്യജീവിതത്തിലെ പ്രശ്നങ്ങൾ വിശകലനം ചെയ്ത് സംഖ്യകൾക്ക് പകരം അക്ഷരങ്ങളുപയോഗിച്ച് ബന്ധപ്പെടുത്തുന്നു<br>2. പ്രായോഗിക ഗണിത പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നു | ഒരു മാസം | പി.ടി.എ<br>സി.പി.ടി.എ<br>മാത്സ് ക്ലബ്ബ്<br>മാത്തമാറ്റിക്സ്<br>എഡിറ്റോറിയൽസ് |

8.6 മേഖല അക്കാദമികം

ഉപമേഖല- ശാസ്ത്രം

## വിഷയം: ഫിസിക്കൽ സയൻസ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതിക സാഹചര്യം | പിന്തുണ |
|---|---|---|---|---|---|
| 1 | പഠനപ്രവർത്തനങ്ങൾ വിലയിരുത്തി പുതിയ പഠനതന്ത്രങ്ങൾ ആവിഷ്കരിക്കുന്നു | പുസ്തക ചർച്ച ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | ഒരു മാസം | ക്ലാസ് ഇൻർനെറ്റ് കമ്പ്യൂട്ടർ വായനാമുറി | പി.റ്റി.എ. ഗ്രന്ഥശാല |
| 2 | ഐ.സി.റ്റി | ഐ.സി.റ്റി.യിലെ വിവിധ സോഫ്റ്റ് വെയർ ഉപയോഗിച്ചും രസകരമായ കളികളിലൂടെയും ശാസ്ത്രത്തിലെ അടിസ്ഥാന പാഠങ്ങളിലേയ്ക്ക് എത്തിക്കുന്നു | | കമ്പ്യൂട്ടർ ലാബ് ക്ലാസ് ഇൻർനെറ്റ് | പി.റ്റി.എ. ലാബ് ബി.ആർ.സി |
| 3 | ശാസ്ത്രവായന | ശാസ്ത്ര വിഷയങ്ങളോടുള്ള താല്പര്യം ജനിപ്പിക്കുന്നതിനായി ശാസ്ത്രമാസികകളും ശാസ്ത്രലേഖനങ്ങളും ലഭ്യമാക്കാം | | ലൈബ്രറി | പി.റ്റി.എ. ബി.ആർ.സി. ഡി.ഐ.ഇ.റ്റി. എസ്.സി.ഇ.ആർ.റ്റി |
| 4 | ലേർണിംഗ് എയ്ഡ്സ് | ഓരോ പാഠഭാഗവും ഫലപ്രദമായി കുട്ടികളിലെത്തിക്കുന്നതിനായി അധ്യാപകരും കുട്ടികളും ചേർന്ന് അതിനാവശ്യമായ ടീച്ചിംഗ് ലേണിംഗ് എയ്ഡ്സ് തയാറാക്കുന്നു | | ലാബ് ലൈബ്രറി പുസ്തകം സി.സിഡി. കമ്പ്യൂട്ടർ ഫോട്ടോകൾ | |
| 5 | ശാസ്ത്രപിന്നോക്കാവസ്ഥ പരിഹരിക്കുക | പരീക്ഷണങ്ങൾ. നിരീക്ഷണങ്ങൾ. ഐ.സി.റ്റി. ശാസ്ത്രവായന. ശാസ്ത്രനാടകം. remedial teaching | | | |

8.10 മേഖല അക്കാദമികം ഉപമേഖല- ആർട് എഡ്യുക്കേഷൻ

പ്രശ്നം - 1 എല്ലാ കുട്ടികളുടെയും ജന്മസിദ്ധമായ കഴിവുകൾ കണ്ടെത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്നില്ല

| കാരണങ്ങൾ | പരിഹാരനിർദേശം | പ്രവർത്തനം |
|---|---|---|
| **കുട്ടികൾ:** കുട്ടികൾക്ക് കലാസാംസ്കാരിക കാഴ്ചപ്പാട് ഉണ്ടാകാൻ അവസരം ലഭിക്കുന്നില്ല<br>**അധ്യാപകർ :** ബോധവൽക്കരണ പരിപാടികൾ ആസൂത്രണം ഇല്ല. അതത് വിഷയത്തിൽ പ്രാവീണ്യം നേടിയ അധ്യാപകർ ഇല്ല<br>**രക്ഷകർത്താക്കൾ :** കലാപഠനത്തിന്റെ പ്രാധാന്യം ഒട്ടും തന്നെ തിരിച്ചറിയുന്നില്ല | ബോധവൽക്കരണ ക്ലാസുകൾ കൊടുക്കുക പഠനത്തിന്റെ ഭാഗമായി സെമിനാർ പ്രകടനങ്ങൾ എന്നിവയ്ക്ക് അവസരം നൽകുക | കലാ സാംസ്കാരിക പ്രോജക്ടുകൾ സംഘടിപ്പിക്കുക |

8.21 മേഖല സാമൂഹികം

ഉപമേഖല-ശാസ്ത്രം

വിഷയം: മികച്ച സ്കൂളിലേക്ക് പഠനയാത്ര

| ക്രമം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കൂടുതൽ ആശയങ്ങൾ സ്വരൂപിക്കൽ | മികവാർന്ന വിധത്തിൽ പാഠ്യപഠനാനുബന്ധ പ്രവർത്തനങ്ങൾ നടക്കുന്ന വിദ്യാലയങ്ങളിലേയ്ക്ക് യാത്ര നടത്തി അനുഭവങ്ങൾ അടുത്തറിയാൻ | വർഷത്തിൽ ഒരു പ്രാവശ്യം | പി.റ്റി.എ. എസ്.ആർ.ജി | 5000/- പി.റ്റി.എ. |

8.22 മേഖല സാമൂഹികം

ഉപമേഖല-ശാസ്ത്രം

വിഷയം: രക്ഷിതാക്കൾക്ക് ഇ-സാക്ഷരത

| ക്രമം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കുവെയ്ക്കൽ | വൈകുന്നേരങ്ങളിലും അവധി ദിവസങ്ങളിലും അമ്മമാർക്ക് കമ്പ്യൂട്ടർ പരിശീലനം | ആഴ്ചയിൽ ഒരു ദിവസം | പ്രിൻസിപ്പൽ. എച്ച്.എം.. എസ്.ഐ.റ്റി.സി. | |

8.23 മേഖല സാമൂഹികം

ഉപമേഖല-ശാസ്ത്രം

വിഷയം : പൂർവ്വ വിദ്യാർത്ഥി സംഗമങ്ങൾ

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | സമൂഹപങ്കാളിത്തം ഉറപ്പു വരുത്തൽ | വിവിധ ബാച്ചുകളിലായി പൂർവ്വവിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ. അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | പി.റ്റി.എ. മാനേജ്മെന്റ് | |

8.24 മേഖല ഭൗതികം

വിഷയം: ബയോഗ്യാസ് പ്ലാന്റ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലുണ്ടാകുന്ന ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകാവശ്യത്തിനുള്ള ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.റ്റി.എ ഉച്ചഭക്ഷണ കമ്മിറ്റി | പി.റ്റി.എ. |

8.25 മേഖല: ഭൗതികം

വിഷയം: യോഗാ പരിശീലന കേന്ദ്രം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വായുസഞ്ചാരമുള്ള ഒരു മുറി ആവശ്യമായ ഉപകരണങ്ങളോടെ യോഗാപരിശീലനത്തിനുവേണ്ടി സജ്ജമാക്കൽ | ആഴ്ചയിൽ 2 വീതം | പി.റ്റി.എ | ജില്ലാ പഞ്ചായത്ത് |

8.26 മേഖല ഭൗതികം ഉപമേഖല-ശാസ്ത്രം വിഷയം: കളിസ്ഥല നിർമ്മാണം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കായിക വിദ്യാഭ്യാസത്തിന് മികച്ച സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന സൗകര്യമുള്ള വിശാലമായ കളിസ്ഥലം നിർമ്മിക്കൽ | രണ്ടു വർഷം | മാനേജ്മെന്റ് പി.റ്റി.എ. | 2 ലക്ഷം |

8.27 മേഖല സാമൂഹികം — വിഷയം: സ്കൂൾ കലണ്ടർ

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1 | സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസകലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ | ഒരു വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ. | പി.ടി.എ. മാനേജ്മെന്റ് |

8.28 മേഖല അക്കാദമികം — വിഷയം: മെഡിക്കൽ ക്യാമ്പുകൾ

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1 | ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | കുട്ടികൾക്ക് വർഷത്തിലൊരിക്കൽ വൈദ്യപരിശോധന നടത്തൽ | വർഷത്തിൽ ഒരു തവണ | വിവിധ ക്ലബുകൾ | പി.ടി.എ. |

8.29 മേഖല. അക്കാദമികം/സാമൂഹികശാസ്ത്രം — വിഷയം: മോക് പാർലമെന്റ്

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1 | ജനാധിപത്യ മൂല്യങ്ങൾ വളർത്തൽ | പ്രകടന പത്രിക പ്രചരണം ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ്. സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ ഇതിന്റെ നേതൃത്വത്തിൽ മോക് പാർലമെന്റ് സംഘടിപ്പിക്കൽ | സ്കൂൾ ഇടവേളകളിൽ | സ്കൂൾ പാർലമെന്റ് അധ്യാപകർ | |

8.30 മേഖല സാമൂഹികം വിഷയം: എൻട്രൻസ് സിവിൽ സർവീസ് കോച്ചിങ്ങുകൾ

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിദ്യാലയ സാമൂഹിക ബന്ധം വളർത്തൽ | അവധി ദിനങ്ങളിൽ വിരമിച്ച അധ്യാപകരേയും സമൂഹത്തിലെ സന്നദ്ധ വിദ്യാഭ്യാസ സംഘടനകളുടേയും സഹായത്തോടെ എൻട്രൻസ് സിവിൽ സർവ്വീസ് പരിശീലനം നൽകൽ | അവധി ദിനങ്ങൾ | അധ്യാപകർ | |

8.31 മേഖല ഭൗതികം വിഷയം: നീരുറവ സംരക്ഷണം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ജല സംരക്ഷണ പ്രവർത്തനങ്ങൾ | നിലവിലുള്ള നീരുറവകൾ മതിൽ കെട്ടി നെറ്റ് നിർമ്മിച്ച് സംരക്ഷിക്കൽ | ഒരു വർഷം | വിവിധ ക്ലബ്ബുകൾ എൻ.എസ്.എസ്. | ക്ലബ്ബുകളുടെ ഫണ്ട് |

8.32 മേഖല അക്കാദമികം വിഷയം: നാടൻ ഭക്ഷണം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ പലഹാരങ്ങൾ. ആഹാര സാധനങ്ങൾ എന്നിവയുടെ പ്രദർശനവും വിപണനവും | വർഷത്തിൽ ഒരു പ്രാവശ്യം | ക്ലബ്ബുകൾ | ക്ലബ് ഫണ്ട് |

8.33 മേഖല അക്കാദമികം വിഷയം: ഗ്രന്ഥശാല ശാക്തീകരണം

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ ഭവനസന്ദർശനത്തിലൂടെ കണ്ടെത്തൽ പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കൽ കാറ്റലോഗ് വിവരണ രജിസ്റ്റർ എന്നിവ ശാസ്ത്രീയമാക്കുക | വർഷത്തിൽ രണ്ടു പ്രാവശ്യം | പ്രിൻസിപ്പൽ. എച്ച്.എം. പി.റ്റി.എ. ലൈബ്രേറിയൻ | സ്പോൺസർഷിപ്പ് |

8.34 മേഖല അക്കാദമികം

വിഷയം -ഹിന്ദി

| പ്രവർത്തനങ്ങൾ | വിശദാംശങ്ങൾ | കാലയളവ് | ചുമതല സാമ്പത്തികം മോണിറ്ററിംഗ് പിന്തുണ |
|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | എട്ടാം ക്ലാസ്സിൽ അഡ്മിഷൻ നേടിയ ബഹുഭൂരിപക്ഷത്തിനും ഭാഷാപരമായ പിന്നോക്കാവസ്ഥ ഒരു വലിയ പ്രശ്നമാണ്. അത്തരം കുട്ടികളെ കണ്ടെത്തി പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീ-ടെസ്റ്റ് നടത്തി അക്ഷരം ഉറപ്പിക്കുക. അടയാളം ഉറപ്പിക്കുക. വാക്കുകളുടെ കാർഡ് നിർമ്മിക്കുക. വാക്യങ്ങൾ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക. ക്ലാസ്സിലെ തന്നെ മികച്ച കുട്ടികളുടെയും കുട്ടി ഉൾപ്പെടുത്തി പിയർ ഗ്രൂപ്പ് ടീച്ചിംഗ് മെത്തേഡ് കൂടി ഉപയോഗപ്പെടുത്താം. കേരള ഹിന്ദി പ്രചാരസഭയുടെ പകർത്തെഴുത്ത് പുസ്തകം ഇതിലേയ്ക്കായി പ്രയോജനപ്പെടുത്താം. പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് അധിക സമയം കണ്ടെത്തിവേണം ഇത്തരം പ്രവർത്തനങ്ങൾ നടത്തേണ്ടത്. | ജൂൺ മുതൽ സെപ്റ്റംബർ വരെ | ഹിന്ദി അധ്യാപകർ മികച്ച വിദ്യാർത്ഥികൾ പ്രധാന അധ്യാപകർ പി.റ്റി.എ |
| വായനയിലേക്ക് കുട്ടിയെ ആകർഷിക്കുകയും മികച്ച വായനക്കാരനാക്കുകയും | ഹിന്ദി വായിക്കുന്നതിനായി കുട്ടിയിൽ താത്പര്യം ജനിപ്പിക്കുക എന്നത് വളരെ പ്രാധാന്യമേറിയ ഒരു [illegible] | അക്കാദമിക് വർഷം | |

| | | | |
|---|---|---|---|
| ചെയ്യുക | ധ്യാണ് കുട്ടിയിൽ സാഹിത്യാഭിരുചി ഉണ്ടാക്കുന്നതിനും ഈ പ്രവർത്തനം ഉപകരിക്കുന്നു. അയതിന് വേണ്ട അനുബന്ധ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു | | |
| എ) ഹിന്ദി ക്ലാസ് ലൈബ്രറി | ഓരോ ക്ലാസിന്റെയും നിലവാരമനുസരിച്ചുള്ള പുസ്തകങ്ങൾ ശേഖരിക്കുന്നു. വായന ഉറപ്പാക്കുന്നു. വായനാക്കുറിപ്പ് എഴുതിക്കുന്നു. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുകയും, വായനാനുഭവം പങ്കുവയ്ക്കുകയും ചെയ്യുന്നു. | ജൂലൈ മുതൽ ഡിസംബർ വരെ | ഹിന്ദി അധ്യാപകർ പി.ടി.എ |
| ബി) സ്കൂൾ ലൈബ്രറി | സ്കൂൾ ലൈബ്രറിയിൽ അതത് ക്ലാസുകളുടെനിലവാരത്തിനനുസരിച്ചുള്ള ഹിന്ദി പുസ്തകങ്ങൾ ഉറപ്പ് വരുത്തുക. ക്ലാസ് വായനക്കൂട്ടത്തിന്റെ നേതൃത്വത്തിൽ പുസ്തകവും, ആനുകാലികങ്ങളും, ഹിന്ദി പത്രവും വായിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ നടത്തുക. | ജൂലൈ മുതൽ ജനുവരി വരെ | മാനേജ്മെന്റ് ലൈബ്രേറിയൻ പി.ടി.എ |
| സി) ഹിന്ദി ഡിജിറ്റൽ ലൈബ്രറി | വായന സാമഗ്രികളുടെ ഡിജിറ്റൽ വിഭവങ്ങൾ, പ്രോഗ്രാം, ചിത്രകഥകൾ, കാർട്ടൂണുകൾ, അക്ഷര കളികൾ, ഡിക്ഷണറികൾ, തുടങ്ങിയവ ശേഖരിച്ച് ഇ-വായന പ്രോത്സാഹിപ്പിക്കുക. ഇടവേളകളും ഫ്രീ പിരീഡുകളും ഇതിനായി ഉപയോഗിക്കുക | ജൂലൈ മുതൽ ഡിസംബർ വരെ | ഹിന്ദി അധ്യാപകർ പി.ടി.എ |
| ഡി) വായനാ കാർഡുകൾ | ഓരോ ദിവസവും എന്റെ വാർത്ത അല്ലെങ്കിൽ ഹിന്ദി ഭാഷയിലുള്ള തെരഞ്ഞെടുക്കപ്പെട്ട ആർട്ടിക്കിളുകൾ ക്ലാസ്സിൽ അവതരിപ്പിക്കുവാൻ ഓരോ കുട്ടിയ്ക്കും അവസരം നൽകുക | ജൂലൈ മുതൽ ഡിസംബർ വരെ | വിദ്യാർത്ഥികൾ ഹിന്ദി അധ്യാപകർ |
| ഇ) അനുബന്ധ പ്രവർത്തനങ്ങൾ | അസംബ്ലി, ദിനാചരണങ്ങളിൽ വായനയ്ക്ക് അവസരം നൽകുക. ആസ്വാദകരമായ വായന, വ്യാകരണം, അറിഞ്ഞുള്ള വായന, വായനാ സാമഗ്രികൾ വികസിപ്പിക്കൽ, ഹിന്ദിയിലെ വിവിധ ലോകോക്തികൾ പരിചയപ്പെടുത്തുക തുടങ്ങിയ പ്രവർത്തനങ്ങൾ അനുബന്ധ പ്രവർത്തനമായി ഉൾപ്പെടുത്താം. | | |
| കുട്ടിയുടെ എഴുതുവാനുള്ള ശേഷി വർദ്ധിപ്പിക്കുകയും, കുട്ടിയെ മികച്ച എഴുത്തുകാരനാക്കുകയും ചെയ്യുക. | കുട്ടിയ്ക്ക് എഴുത്തിലുള്ള പ്രാവീണ്യം വർദ്ധിപ്പിക്കുന്നതിനുവേണ്ട പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം സർഗ്ഗശേഷിയുള്ള കുട്ടികളെ കണ്ടെത്തുകയും അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക. അതിലേയ്ക്കായുള്ള | അക്കാദമിക വർഷം | |

| | | | |
|---|---|---|---|
| എ) എഴുത്തുകൂട്ട രൂപീകരണം | പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു മികച്ച വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ ക്ലാസ്സിലെ വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളായി തിരിച്ച് എഴുത്തിനെ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങൾ നടത്തുന്നതിലേയ്ക്കായി എഴുത്തുകൂട്ട രൂപീകരണം നടത്തുക | ജൂൺ | ഹിന്ദി അധ്യാപകർ |
| ബി) എന്റെ ഹിന്ദി ഡയറി | ഓരോ ആഴ്ചയിലും ഹിന്ദി പീരിയഡിന്റെ ആദ്യ അഞ്ചുമിനിട്ട് ഹിന്ദി ഡയറി അവതരണത്തിനായി മാറ്റി വയ്ക്കുക. സാഹിത്യ ഡയറി പരിചയപ്പെടുത്തുകയും സർഗ്ഗശേഷിയുള്ള കുട്ടികളോട് ഡയറിയിൽ തന്നെ കഥകളും കവിതകളും എഴുതി അവതരിപ്പിക്കുവാൻ പ്രചോദനം നൽകുക | ജൂലൈ മുതൽ ജനുവരി വരെ | ഹിന്ദി അധ്യാപകർ |
| സി) ആശംസാകാർഡുകൾ പോസ്റ്ററുകൾ. ഹിന്ദി വർക്ക് ബുക്ക് തയ്യാറാക്കുക | ജന്മദിനം, മറ്റ് ആഘോഷങ്ങൾ, വിശേഷ ദിവസങ്ങൾ എന്നിവയുടെ ആശംസാകാർഡ് തയ്യാറാക്കുക. ദിനാചരണങ്ങളോടനുബന്ധിച്ച് ആശംസാ കാർഡുകളും, പോസ്റ്ററുകളും, സൈൻബോർഡുകളും, ഹിന്ദിയിൽ തയ്യാറാക്കുന്നതിനുവേണ്ട മാർഗ്ഗനിർദേശങ്ങൾ നൽകുകയും തയ്യാറാക്കുകയും ചെയ്യുക. ലഭ്യമാകുന്ന ഹിന്ദി വർക്ക് ബുക്കുകൾ ഫലപ്രദമായി ഉപയോഗിക്കുക | വിശേഷ ദിവസങ്ങൾ ദിനാചരണങ്ങൾ | ഹിന്ദി അധ്യാപകൻ സബ്ജക്ട് കൗൺസിൽ പ്രധാന അധ്യാപകൻ |
| ഇൻലന്റ് മാഗസിൻ ചുമർ പത്രിക ഹിന്ദി കൈയ്യെഴുത്ത് മാസിക | ഓരോ മാസവും കുട്ടികളുടെ സർഗ്ഗസൃഷ്ടികളും - ശേഖരിച്ച ആർട്ടിക്കിളുകളും ശേഖരിച്ച് ചുമർ പത്രിക തയ്യാറാക്കുക മൂന്ന് മാസം കൂടുമ്പോൾ അതിൽ വിശേഷപ്പെട്ടവ ഇൻലന്റ് മാഗസിനായി തയ്യാറാക്കുക വർഷാന്ത്യം സ്കൂളിലെ തന്നെ മികച്ച സർഗ്ഗസൃഷ്ടികൾ ചേർത്ത് കൈയ്യെഴുത്ത് മാസിക തയ്യാറാക്കുക കഴിയുമെങ്കിൽ ഡി.റ്റി.പി. ചെയ്ത് പ്രകാശനം ചെയ്യുക. | ജൂലൈ മുതൽ ഫെബ്രുവരി വരെ | ഹിന്ദി ക്ലബ്. ഹിന്ദി അധ്യാപകൻ പി.റ്റി.എ. മാനേജ്മെന്റ് പ്രഥമ അധ്യാപകൻ |
| വിദ്യാലയങ്ങളിൽ ഹിന്ദി അന്തരീക്ഷം ഉണ്ടാക്കുക. ഹിന്ദി ഭാഷാ പഠനത്തിലൂടെ സംസ്കാരവും ദേശസ്നേഹവും വളർത്തിയെടുക്കുക. കലാപരമായും സാഹിത്യപരമായും | ഹിന്ദി മാതൃഭാഷ അല്ലാത്തതു കൊണ്ട് ഭാഷാപഠനത്തിന് അതൊരു വിഘാതമായി നിലകൊള്ളുന്നുണ്ട്. അത് മറികടക്കണമെങ്കിൽ വിദ്യാലയങ്ങളിൽ ഹിന്ദിയുടേതായ ഒരു അന്തരീക്ഷം സൃഷ്ടിക്കേണ്ടത് പരമ അത്യാവശ്യമാണ്. കുടുംബത്തിൽ നിന്നും പൊതുസമൂഹത്തിൽ നിന്നും അതിനുള്ള സാധ്യത വളരെ വിരള | അക്കാദമിക വർഷം | |

| | | | |
|---|---|---|---|
| കുട്ടികളിലുള്ള ശേഷി വർദ്ധിപ്പിക്കുക | മാതൃ ഭാഷയിൽ കുട്ടികൾക്ക് അടിസ്ഥാന[illegible] വും അറിവും ഉണ്ടായാലേ അത് സർഗസൃഷ്ടിയിൽ എത്തിച്ചേരുകയുള്ളൂ. അതിനായി വിദ്യാലയം ഹിന്ദി ഭാഷാ സൗഹൃദമായി മാറ്റുന്നതിനായ പ്രവർത്തനങ്ങൾ നടത്തുക. വിശദാംശം ചുവടെ ചേർക്കുന്നു. | | |
| എ) ഇന്നത്തെ വാക്ക് | ഓരോ ക്ലാസ്സിലും ഒരു ദിവസം ഒരു പുതിയ ഹിന്ദിവാക്കും അതിന്റെ ഇംഗ്ലീഷ് മലയാളം പരിഭാഷയും കുട്ടിയിൽ എത്തിക്കുക. അതിലേയ്ക്കായി എല്ലാ ക്ലാസ്സിലും ഒരു ചെറിയ ബോർഡ് ഉപയോഗിക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ പി.റ്റി.എ |
| ബി) ഹിന്ദി കോർണർ | ഹിന്ദി ക്ലാസ്സിലും ഒരു ദിവസം ഒരു പുതിയ ഹിന്ദി വാക്കും അതിന്റെ ഇംഗ്ലീഷ് മലയാളം പരിഭാഷയും കുട്ടിയിൽ എത്തിക്കുക. അതിലേയ്ക്കായി എല്ലാ ക്ലാസ്സിലും ഒരു ചെറിയ ബോർഡ് ഉപയോഗിക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ പി.റ്റി.എ. |
| സി) ഹിന്ദി അസംബ്ലി | രണ്ട് ആഴ്ചയിലൊരിക്കൽ ഹിന്ദി പരമാവധി കുട്ടികളുടെ പങ്കാളിത്തത്തോടെ ഉറപ്പാക്കണം. വാർത്തകൾ. മഹത് വചനങ്ങൾ. മികച്ച വായനകുറിപ്പുകളുടെ അവതരണം തുടങ്ങിയവയിലൂടെ ഹിന്ദി അന്തരീക്ഷം സൃഷ്ടിക്കുക | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ. പ്രഥമ അധ്യാപകൻ |
| ഡി) ദിനാചരണങ്ങൾ ഹിന്ദിയിൽ | ദിനാചരണങ്ങൾ ക്ലബിന്റെ നേതൃത്വത്തിൽ മുന്നൊരുക്കങ്ങൾ നടത്തി ക്ലാസ്സ് റൂം പ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ച് ആകർഷകമായ രീതിയിൽ നടത്തുക | ദിനാചരണങ്ങൾ | ഹിന്ദി ക്ലബ് |
| ഇ) ഹിന്ദി ഫിലിം ക്ലബ് | ഹിന്ദികാർട്ടൂൺ.ചിത്രകഥകൾ.ഡോക്യുമെന്ററികൾ. കുട്ടികളുടെ സിനിമകൾ. സിനിമാ ഗാനങ്ങൾ. കഥാവ്യാഖ്യാനങ്ങൾ. കഥാവിഷ്ക്കരണം. കവിതകളുടെ ദൃശ്യാവിഷ്കാരങ്ങൾ. തുടങ്ങിയവ ഇടവേളകളിലും ഫ്രീ പിരീഡുകളിലും കാണിക്കുകയും കുട്ടിയ്ക്ക് ഭാഷാപരമായ നിപുണതയും വർദ്ധിപ്പിക്കുക | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി ഫിലിം ക്ലബ് എസ്.ഐ.റ്റി.സി ഹിന്ദി അധ്യാപകർ |
| എഫ്) ഹിന്ദി നാടകം കോറിയോഗ്രാഫി തിരക്കഥാ രചന. പാഠഭാഗങ്ങൾ | പാഠഭാഗങ്ങളുടെ നാടകാവിഷ്ക്കാരം. കൊറിയോഗ്രാഫി അവതരണം തിരക്കഥാ രചനാ പരിശീലനം എല്ലാ കുട്ടികളുടെയും ഏതെങ്കിലും തരത്തിലുള്ള പങ്കാളിത്തം ഉറപ്പാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് | ആഗസ്റ്റ് മുതൽ നവംബർ വരെ | ഹിന്ദി അധ്യാപകർ |

| | | | |
|---|---|---|---|
| | നടപ്പിലാക്കുക | | |
| ജി) ഐ.സി.ടി പ്രയോഗം കാര്യക്ഷമമാക്കുക | പാഠഭാഗങ്ങൾ ഡിജിറ്റലൈസ് ചെയ്യുക. പി.പി.റ്റി തയ്യാറാക്കി അവതരിപ്പിക്കുക ലാംഗ്വേജ് ലാബ് - ഐ.സി.റ്റി സഹായത്തോടെ ആഴ്ചയിൽ ഒരു പിരീഡ് പഠനപ്രവർത്തനങ്ങൾ സി.ഐ.റ്റിയുടെ സഹായത്തോടെ സാധ്യമാക്കുക. കമ്മ്യൂണിക്കേറ്റീവ് ഹിന്ദി പരിശീലനം നൽകുക. കുട്ടികൾക്ക് ഹിന്ദി ടൈപ്പിംഗും അതുവഴി ഭാഷയിൽ കൂടുതൽ പ്രാവീണ്യം നേടാനും സജ്ജമാക്കുക. | അക്കാദമിക വർഷം | ഹിന്ദി അധ്യാപകർ എസ്.ഐ.റ്റി.സി. |
| എച്ച്) ഹിന്ദി സാഹിത്യോത്സവം | ഹിന്ദി വാരാഘോഷവുമായി ബന്ധപ്പെട്ട് കുട്ടികൾക്കായി ഹിന്ദി കഥാരചന, കവിതാ രചന, പ്രസംഗ മത്സരം, പദ്യം ചൊല്ലൽ, പോസ്റ്റർ രചന തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കുക സമ്മാനങ്ങൾ, അസംബ്ലിയിൽ വിതരണം ചെയ്യുക. ഉപജില്ലാ തലത്തിൽ ബി.ആർ.സിയുടെ നേതൃത്വത്തിൽ ഹിന്ദി കലോത്സവങ്ങൾ സംഘടിപ്പിക്കുക. | നവംബർ ഡിസംബർ | ഹിന്ദി അധ്യാപകർ, പി.റ്റി.എ., പ്രഥമ അധ്യാപകർ ബി.ആർ.സി. |
| ഐ) ഹിന്ദി മാതൃഭാഷയായിട്ടുള്ള ആളുകളുമായി സംവദിക്കുക. ഹിന്ദി പ്രദേശങ്ങൾ സന്ദർശിക്കുക | ഹിന്ദി മാതൃഭാഷയായിട്ടുള്ള ആളുകളെ പ്രത്യേകിച്ചും യോഗ്യരായ ആളുകളെ കണ്ടെത്തി കുട്ടികളുമായി സംവദിക്കാനുള്ള അവസരം സൃഷ്ടിക്കുക. കൂടുതൽ ആളുകൾ ഹിന്ദി സംസാരിക്കുന്ന ഓഫീസുകൾ മിലിറ്ററി ക്യാമ്പുകൾ ഹിന്ദി സംസാരിക്കുന്ന ആളുകൾ താമസിക്കുന്ന പ്രദേശങ്ങൾ സന്ദർശിക്കുക തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ ഹിന്ദി ഭാഷയോട് കുട്ടികൾക്ക് താത്പര്യവും രാഷ്ട്രഭാഷയായ ഹിന്ദി പഠിക്കേണ്ടതിന്റെ ആവശ്യകതയും ഏറ്റവും ഉപരി അവരിൽ ദേശസ്നേഹത്തിന്റെ ഭാവനയും ഉണ്ടാകും. | നവംബർ ഡിസംബർ | ഹിന്ദി അധ്യാപകൻ പി.റ്റി.എ മാനേജ്മെന്റ് പ്രഥമ അധ്യാപകൻ |
| ജെ) സാഹിത്യ ശില്പശാല | പ്രത്യേകമായി ഏതെങ്കിലും പ്രവർത്തനം തെരഞ്ഞെടുത്ത് ഉദാഹരണമായി നാടകം, കവിത, കഥ ആദ്യം സ്കൂൾ തലത്തിൽ അതിനെ കുറിച്ച് അവബോധം നൽകിയ ശേഷം മികച്ച സർഗ്ഗശേഷിയുള്ള വിദ്യാർത്ഥികളെ ഉൾപ്പെടുത്തിക്കൊണ്ട് ബി.ആർ.സി. തലത്തില ഉപജില്ലാ തലത്തിലോ സാഹിത്യ ശില്പശാല സംഘടിപ്പിക്കുക ഇതി | ജനുവരി | ഹിന്ദി അധ്യാപകൻ പി.റ്റി.എ. ബി.ആർ.സി. റിസോഴ്സ് പേഴ്സണുകൾ |

8.37 മേഖല അക്കാദമികം   വിഷയം: ടേം മൂല്യനിർണയം നിരന്തര വിലയിരുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ അക്കാദമിക നിലവാരം വർദ്ധിപ്പിക്കൽ<br><br>കുട്ടികളുടെ പഠനനേട്ടങ്ങൾ എവിടെ എത്തിച്ചേരണമെന്ന് വിലയിരുത്തുക<br><br>അധ്യാപകർ എന്തൊക്കെ കൂട്ടിച്ചേർക്കലുകൾ വരുത്തേണ്ടി വരും എന്ന് പരിശോധിക്കുക | കൃത്യമായ ആസൂത്രണം അധ്യാപകർ തയ്യാറാക്കുന്നു. സ്കൂൾ അധികാരികൾ അതിനെ വിലയിരുത്തുന്നു.<br>പാഠ്യപദ്ധതിക്കനുസരിച്ച് നിരന്തര വിലയിരുത്തൽ നടത്തുന്നു.<br>പ്രഥമാധ്യാപകർ ക്ലാസ് റൂം പരിശോധിക്കുന്നു<br>ഓരോ ടേമിലേയ്ക്കും രണ്ട് യൂണിറ്റ് ടെസ്റ്റുകൾ വീതം നടത്തുന്നു<br>പരീക്ഷയിൽ പ്രതീക്ഷ ഉളവാക്കാൻ ക്വസ്റ്റ്യൻ പേപ്പർ പ്രിന്റ് ചെയ്ത് നൽകുന്നു<br>യൂണിറ്റ് ടെസ്റ്റ് നടത്തി വിലയിരുത്തി നൽകുന്നു.<br>മാസാന്ത്യ ക്ലാസ്സ് പി.റ്റി.എ യിൽ ഫീഡ് ബാക്ക് നടത്തുന്നു | തുടർ പ്രക്രിയ | പ്രിൻസിപ്പൽ. എച്ച്.എം. എസ്.ആർ.ജി | ക്വസ്റ്റ്യൻ പേപ്പർ പ്രിന്റ് ചെയ്യാനുള്ള തുക കുട്ടികളിൽ നിന്ന് പി.റ്റി.എ. |

8.42 മേഖല: സാമൂഹികം / അക്കാദമികം    വിഷയം: ഭവനസന്ദർശനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ജീവിതസാഹചര്യങ്ങൾ തിരിച്ചറിയൽ ഗൃഹാന്തരീക്ഷം കുട്ടികളുടെ പഠനത്തെ സാരമായി ബാധിക്കുന്നു | ഗൃഹാന്തരീക്ഷം കുട്ടികളുടെ പഠനത്തെ ബാധിക്കുന്നു. എല്ലാ കുട്ടികൾക്കും വീടുകളിൽ മെച്ചപ്പെട്ട പഠനസൗകര്യം ലഭ്യമാകണം<br><br>കുട്ടികൾ മികവുകളിൽ എത്തണമെങ്കിൽ പൊതുവിദ്യാലയവും സാമൂഹ്യവത്കരിക്കപ്പെടണം കുട്ടികളിൽ സാമൂഹ്യബോധവും സഹജീവികളോടുള്ള സ്നേഹവും ഉണ്ടാകുന്ന ശരിയായ വിദ്യാഭ്യാസമാണ് വേണ്ടത്. അതിനു വേണ്ടി സമൂഹസമ്പർക്കപരിപാടികൾ ആവിഷ്കരിക്കണം വിവിധ സമയങ്ങൾ കണ്ടെത്തി അധ്യാപകർ പി.റ്റി.എ.യുടെ സഹായത്തോടെ കുട്ടികളുടെ വീടുകൾ സന്ദർശിക്കും | മധ്യ വേനലവധി സമയത്ത് ആവശ്യമായ സന്ദർഭങ്ങളിൽ | പ്രിൻസിപ്പൽ, എച്ച്.എം. സീനിയർ അസിസ്റ്റന്റ്മാർ | ആവശ്യമെങ്കിൽ സ്റ്റാഫ് ഫണ്ട് |

8.43 മേഖല അക്കാദമികം

വിഷയം: ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പ്രത്യേകതയുള്ള ദിവസത്തിന്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുക<br><br>കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>പാഠ്യപദ്ധതിയെ വ്യവഹാരരൂപങ്ങളുമായി ബന്ധിപ്പിക്കുക<br>പാഠ്യപദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുക | പ്രതിമാസ കലണ്ടർ. വാർഷിക പ്ലാൻ വിപുലപ്പെടുത്തുക<br><br>ആചരിക്കേണ്ട ദിനങ്ങൾ അതുമായി ബന്ധപ്പെട്ട ക്ലബ് കൺവീനർ നേതൃത്വം നൽകുക<br>പഠനസമയം നഷ്ടപ്പെടാതെ വിവിധ പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുക<br>പാഠ്യപദ്ധതി വിനിമയത്തിനുള്ള വാർഷിക പദ്ധതി തയ്യാറാക്കുന്നു<br>ഓരോ മാസവും ലക്ഷ്യമിടുന്ന പാഠഭാഗങ്ങൾ യഥാസമയം പൂർത്തീകരിക്കുന്നതിനും ശേഷികൾ എല്ലാവരും ആർജ്ജിച്ചു എന്നും വിലയിരുത്തുന്നു<br>ഓരോ മാസ അവസാനവും ക്ലാസ് പി.റ്റി.എ. നടത്തി വിലയിരുത്തലും ഫീഡ്ബാക്കും നൽകുന്നു | അക്കാദമിക വർഷം | പ്രിൻസിപ്പൽ.<br>എച്ച്.എം.<br>സ്റ്റാഫ് സെക്രട്ടറി<br>എസ്.ആർ.ജി കൺവീനർ | സ്റ്റാഫ് ഫണ്ട്.<br>പി.റ്റി.എ. ഫണ്ട്<br>ഓരോ അധ്യാപകരും |

8.44 മേഖല അക്കാദമികം വിഷയം: ഗാന്ധിദർശൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗാന്ധിയൻ മൂല്യങ്ങളും ചിന്തകളും | ജില്ലാ ഗാന്ധിദർശൻ സമിതി അനുശാസിക്കുന്ന എല്ലാ പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കാൻ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഗാന്ധിദർശൻ കബിൽ ചേർക്കുന്നു<br>ഗാന്ധിജയന്തി. ഗാന്ധിജിയുടെ രക്തസാക്ഷിദിനം. സെമിനാറുകൾ റാലി. അനുസ്മരണം. വിവിധ മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കുക<br>എല്ലാ ക്ലാസുകൾക്കും ടൈംടേബിൾ സോപ്പ് ലോഷൻ കുട. ചോക്ക്. നിർമ്മാണ പരിശീലിപ്പിക്കുന്നു<br>മേളകൾ സംഘടിപ്പിക്കുന്നു<br>ഉല്പന്നങ്ങൾ വിറ്റഴിക്കുന്ന തുക പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുന്നു | തുടർ പ്രവർത്തനങ്ങൾ | പ്രിൻസിപ്പൽ ഹെച്ച്.എം. ഗാന്ധി ദർശൻ കബ് | ഗാന്ധിദർശൻ ക്ലബ് നിർമ്മിച്ച ഉല്പന്നങ്ങൾ വിറ്റു കിട്ടുന്ന തുക |

8.45 മേഖല അക്കാദമികം

വിഷയം: അധ്യാപകരില്ലാത്ത ക്ലാസുകൾ സർഗാത്മകമാക്കുന്നത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ ലേഖനങ്ങൾ. അക്ഷരത്തെറ്റ് തിരുത്തൽ. സെമിനാർ മാഹീകരണം. ബോധവത്കരണ ക്ലാസുകൾ നോട്ടീസ് ബോർഡ് തയ്യാറാക്കൽ. സർഗാത്മക രചന തുടങ്ങി നിരവധി പ്രവർത്തനങ്ങൾ നൽകുന്നു<br><br>കുട്ടികളെ നേട്ടങ്ങളിലെ മുത്തുകളാക്കി മാറുക | അധ്യാപക ശാക്തീകരണത്തിന്റെയും കാഷ്വൽ ലീവിന്റെയും ക്ലബ് ആക്റ്റിവിറ്റീന്റെയും ക്യാമ്പ് ഡ്യൂട്ടികളുടെയും ഇടവേളകളിൽ അധ്യാപകരില്ലാത്ത അവസ്ഥ യാഥാർത്ഥ്യമാണ്. ഈ ഇടവേളകളിൽ നടത്തേണ്ട പ്രവർത്തനം മുൻകൂട്ടി പ്ലാൻ ചെയ്ത് ഹെഡ് മാസ്റ്ററിനെ ഏൽപ്പിക്കുന്നു. വിവിധ ഡയറ്റുകളിലെ ബ്ലോഗുകൾ ഇതിനായി ഉപയോഗിക്കുന്നു ഒരു യൂണിറ്റുമായി ബന്ധപ്പെട്ട കുട്ടികൾക്ക് ലഭിക്കേണ്ട ആശയങ്ങളെ പഠനപ്രവർത്തനങ്ങൾക്കായി ഡെസ്കിൽ ഒട്ടിച്ചുവെയ്ക്കുന്നു. ഇത് ഇടവേളകളിൽ കുട്ടികൾക്ക് ചെയ്യാൻ പറ്റുന്ന രീതിയിൽ ക്രമീകരിക്കുന്നു | വർഷം മുഴുവൻ നടക്കുന്ന പ്രക്രിയ 1 വർഷം 2017 2018 | പ്രിൻസിപ്പൽ. എച്ച്.എം. സീനിയർ അസിസ്റ്റന്റ്. എല്ലാ ക്ലാസ് അധ്യാപകരും | ഓരോ അധ്യാപകരും അവരുടെ ടീച്ചേഴ്സ് ഗ്രാന്റ് വിനിയോഗിക്കും |

8.46 മേഖല അക്കാദമികം    ഉപമേഖല - പൊതുവായത്

വിഷയം: എസ്.ആർ.ജി. ശാക്തീകരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എസ്.ആർ.ജി. യോഗത്തിന് മുമ്പുള്ള അധ്യാപകരുടെ ആസൂത്രണം കൃത്യപ്പെടുത്തുക ക്ലാസ്സ് അനുഭവങ്ങൾ റിപ്പോർട്ട് ചെയ്യുക എസ്.ആർ.ജി. യോഗത്തിൽ ഉൾപ്പെടുത്തേണ്ട ചർച്ചകൾക്കനുസരണമായ രീതിയിൽ ഫോർമാറ്റുകൾ രൂപീകരിച്ച് നടപിലാക്കുക | എസ്.ആർ.ജി. യോഗത്തിൽ ചേരുന്നുണ്ടെങ്കിലും അക്കാദമിക് ചർച്ചകൾ പലപ്പോഴും സജീവമാകാതെ പോകുന്നുണ്ട്. ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുക എന്നതാണ് ഈ പ്രവർത്തനത്തിന്റെ ഉദ്ദേശം എസ്.ആർ.ജി. യോഗത്തിന് ഏതാനും ദിവസം മുമ്പ് തന്നെ എല്ലാ അധ്യാപകർക്കും ഫോർമാറ്റ് നൽകുന്നു പൂരിപ്പിച്ച ഫോർമാറ്റുമായി അധ്യാപകർ മീറ്റിംഗിലെത്തുന്നു അതിനനുസരിച്ച് ചർച്ചകൾ തീരുമാനങ്ങൾ പൂരിപ്പിച്ച ഫോർമാറ്റുകൾ പുസ്തക രൂപത്തിലാക്കി സൂക്ഷിക്കുന്നു | വർഷം മുഴുവൻ നടക്കുന്ന തുടർ പ്രക്രിയ | പ്രിൻസിപ്പൽ, എച്ച്.എം. എസ്.ആർ.ജി കൺവീനർ | അധ്യാപകർ തന്നെ ഫോർമാറ്റുകൾ പ്രിൻ ചെയ്യുന്നു |

8.50 മേഖല:സാമൂഹികം/ അക്കാദമികം

വിഷയം: ഒരു കൈത്താങ്ങ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമ്പത്തിക മായും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി കൾക്കുളള സഹായം | സാമ്പത്തിക പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളെ പഠനകാര്യങ്ങളിലും ആരോഗ്യകാര്യങ്ങളിലും സഹായിക്കുന്ന ഒരു കൈത്താങ്ങ് എന്ന പ്രവർത്തനം കുട്ടികളിൽ നിന്നും അധ്യാപകരിൽ നിന്നും അഭ്യുദയകാംക്ഷികളിൽ നിന്നും ശേഖരിച്ച തുക പ്രിൻസിപ്പാലും എച്ച്.എം. ഉം ഷിതാനും അധ്യാപകരും അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിച്ച് കാരുണ്യ ചാരിറ്റബിൾ ട്രസ്റ്റിന് അവരുടെ കുടുംബാംഗങ്ങളെയും പഠനകാര്യങ്ങളിലും രോഗാവസ്ഥയിലും സഹായിക്കും | തുടർ പ്രവർത്ത നങ്ങൾ | പ്രിൻസി പ്പൽ. എച്ച്.എം | കാരുണ്യ ചാരിറ്റബിൾ ട്രസ്റ്റ് |

8.51 മേഖല:സാമൂഹികം വിഷയം: വ്യക്തിത്വ വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യക്തിത്വ വികസനം | ശാരീരികമായും മാനസികമായും വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ ശരിയായ രീതിയിൽ ഗൈഡൻസ് നൽകി സാമൂഹിക പ്രതിബദ്ധതയുള്ള പൗരന്മാരാക്കി മാറ്റുന്ന പ്രവർത്തനം അതിനുവേണ്ടി കൗൺസിലിംഗ് ക്ലാസുകൾ സംഘടിപ്പിക്കും പ്രശ്നക്കാരായ കുട്ടികളെ കണ്ടെത്തി കൗൺസിലിംഗ് നൽകുകയും ഡോക്ടറെ കാണിക്കേണ്ടവരെ റഫർ ചെയ്ത് സൗകര്യം ഒരുക്കികൊടുക്കും | തുടർ പ്രവർത്തനം | പ്രിൻസിപ്പൽ. ഹെച്ച്.എം. ഗൈഡൻസ് & കൗൺസിലിംഗ് ചുമതലയുള്ള അധ്യാപകർ | പി.റ്റി.എ |

8.56 മേഖലാ അക്കാദമികം

## ഉപമേഖല സോഷ്യൽ സയൻസ്

| ക്രമ നം. | ഘടകം | ആക്റ്റിവിറ്റി | ഡ്യൂറേഷൻ | മെറ്റീരിയൽ സപ്പോർട്ട് |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | പ്രീടെസ്റ്റ് അക്ഷരങ്ങൾ ഉറപ്പിക്കൽ (മലയാള തിളക്കം പ്രയോജനപ്പെടുത്തൽ) | 1 മാസം | സ്കൂൾ റിസോഴ്സ് ഗ്രൂപ്പ്, പി.റ്റി.എ. എസ്.എം.സി. |
| 2 | കുട്ടി വിഷയബന്ധിതമായി ആർജ്ജിക്കേണ്ട അറിവ്, ശേഷികൾ, മനോഭാവം, മൂല്യങ്ങൾ-ആർജ്ജിക്കുന്നു (പ്രീവിയസ് സ്റ്റാൻേർഡ് ഉൾപ്പെടെ) | പ്രീ ടെസ്റ്റ്, പുസ്തകവായന, ചർച്ച, സംഘപ്രവർത്തനം, വായനാക്കുറിപ്പ് പതിപ്പ് തുടങ്ങിയവ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | 2 മാസം | പാഠപുസ്തകം, വായനാസാമഗ്രികൾ, ലൈബ്രറി എസ്.ആർ.ജി., പി.റ്റി.എ. എസ്.എം.സി. ബി.ആർ.സി |
| 3 | സമൂഹത്തിന്റെ ഇതുപര്യന്തമുള്ള വികാസങ്ങൾ തിരിച്ചറിയുന്നു. സാമൂഹ്യ മാറ്റങ്ങളിൽ പങ്കാളിയാകുക എന്ന ഉത്തരവാദിത്വം നിറവേറ്റാൻ കുട്ടിയെ പ്രാപ്തനാക്കുന്നു | നിരീക്ഷണം, വിവരശേഖരണം, താരതമ്യം, വിശകലനം, നിഗമനം രൂപപ്പെടുത്തൽ, പ്രവചിക്കൽ, അനുമാനിക്കൽ | 6 മാസം | പാഠപുസ്തകം, മറ്റ് പുസ്തകങ്ങൾ, പത്രമാസികകൾ, ദൃശ്യമാധ്യമങ്ങൾ, ചരിത്രപുസ്തകങ്ങൾ, ഭൂപടങ്ങൾ, ചിത്രങ്ങൾ,സിനിമ, നാടകം, ഐ.സി.റ്റി. സാധ്യത |
| 4 | ജനാധിപത്യബോധം, മതനിരപേക്ഷ ചിന്ത, ദേശീയബോധം, സഹിഷ്ണുത, സഹകരണ മനോഭാവം, സംഘബോധം, (പ്രതികരണശേഷി) തുടങ്ങിയ മൂല്യങ്ങൾ വളർത്തുന്നു. | സെമിനാർ, ഗ്രൂപ്പ് ചർച്ച, സംവാദം, അഭിമുഖം, ഫീൽഡ് ട്രിപ്പ്, പ്രോജക്ട് | | എസ്.ആർ.ജി.പി.റ്റി.എ. ഡി.ആർ.ജി.,ബി.ആർ.സി. |

## 9. പ്രതീക്ഷിത നേട്ടങ്ങൾ

- പഠനത്തെ പരിസരവുമായി ബന്ധപ്പെടുത്തി ആവാസ പരിസരസാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും, സ്കൂൾ ക്യാംപസിനെ ഒരു പാഠപുസ്തകമായി വികസിപ്പിക്കുകയും അതിനായി ജൈവ വൈവിദ്ധ്യ ഉദ്യാനങ്ങൾ വിപുലീകരിക്കുക
- ലൈബ്രറികൾ നവീകരിക്കുകയും ഡിജിറ്റൽ ലൈബ്രറി എന്ന സ്വപ്നത്തിലേയ്ക്ക് എത്താനുമുള്ള വഴികൾ തുറക്കുകയും ചെയ്യുക
- എല്ലാ കുട്ടികൾക്കും യോഗാപരിശീലനം ലഭ്യമാക്കുകയും വിദ്യാലയ മികവുകൾ പൊതുസമൂഹമായി പങ്കുവയ്ക്കുകയും ചെയ്യുക
- ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി കണ്ട് അവരുടെ കഴിവുകൾ ഏറ്റവും ഉയർന്ന തലത്തിലെത്തിക്കാനും പരിമിതികൾ മറികടക്കാനുമുള്ള അവസരങ്ങൾ സൃഷ്ടിക്കുക
- അന്താരാഷ്ട്ര പഠനനിലവാരം ഉറപ്പു വരുത്തുന്നതിനാവശ്യമായ പഠനോപകരണങ്ങളും സൗകര്യങ്ങളും, പഠനാന്തരീക്ഷവും വിദ്യാലയങ്ങളിൽ ഉറപ്പു വരുത്തുക
- പാഠ്യേതര മികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതികവും മാനസികവും സാംസ്ക്കാരികവുമായ സൗകര്യങ്ങൾ ഒരുക്കുക
- പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണനകൾ നൽകി മുഖ്യധാരയിലെത്തിക്കുക
- മദ്യപാനം, മയക്കുമരുന്ന്, പുകവലി എന്നിവയുടെ ഉപയോഗം പുതുതലമുറയിൽ നിന്നും ഒഴിവാക്കുന്ന തരത്തിൽ ഇടപെടലുകൾ നടത്തുക
- പ്ലാസ്റ്റിക്, കീടനാശിനി, ലഹരി എന്നിവയിൽ നിന്ന് വിമുക്തമായ ക്യാംപസ് സൃഷ്ടിക്കുക
- മതനിപേക്ഷത, ജനാധിപത്യബോധം, തുല്യത, സഹവർത്തിത്വം, സഹകരണം തുടങ്ങി ഒരു ജനാധിപത്യ സമൂഹത്തിന്റെ മുന്നോട്ടുള്ള യാത്രായ്ക്കാ

വശ്യമായ മൂല്യബോധങ്ങൾ നേടാനുള്ള അവസരങ്ങൾ ഒരുക്കുക

- പരിസ്ഥിതിക ബോധം, സാമൂഹിക ബോധം, മാലിന്യനിർമ്മാർജ്ജന ബോധം, ലിംഗാവബോധം, വിമർശനാവബോധം, എന്നിവ ഉളവാക്കാൻ ആവശ്യമായ അനുഭവങ്ങൾ പ്രദാനം ചെയ്യുക
- ടാലന്റ് ലാബ് - എല്ലാ വിദ്യാർത്ഥികൾക്കും ഒരേ സമയം അതാത് ക്ലാസ്സുകൾക്ക് പരീക്ഷണത്തിലേർപ്പെടാൻ സൗകര്യമുള്ളതും സുരക്ഷിതത്വമുള്ളതുമായി ലാബുകൾ സൃഷ്ടിക്കുക
- ഹൈസ്കൂൾ തലത്തിൽ നിലവിലുള്ള പാഠ്യപദ്ധതിയിൽ ഉദ്ഗ്രഥിച്ചും ഹയർസെക്കന്ററിയിൽ തൊഴിൽപരിചയം പോലുള്ളവ ഉൾപ്പെടുത്തിയും തൊഴിൽ ആഭിമുഖ്യം വളർത്തുക
- ഓരോ വിദ്യാർത്ഥിയുടേയും സർഗ്ഗപരമായ കഴിവുകൾ കണ്ടെത്തി വളർത്താനും വികസിപ്പിക്കാനുമായ അവസരങ്ങൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കി ഒരുക്കി വികസിപ്പിക്കുക
- വിദ്യാർത്ഥികളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാക്കുകയും ജീവിതശൈലി രോഗങ്ങൾ വരാതിരിക്കാനും സ്ക്കൂൾ പ്രായത്തിൽത്തന്നെ വ്യായാമത്തിനും കളികൾക്കും പ്രത്യേക പരിഗണന നൽകുക
- അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി ലോകത്തെവിടെയുമുള്ള നിശ്ചിത പ്രായക്കാരായ വിദ്യാർത്ഥികൾ ആർജ്ജിക്കുന്ന കഴിവും പഠന മികവും, നമ്മുടെ സ്ക്കൂളിലെ സമപ്രായക്കാർ നേടി എന്നുറപ്പുവരുത്തുക
- വിദ്യാലയത്തിൽ എത്തിച്ചേരാൻ അസൗകര്യമുള്ള പ്രദേശങ്ങളിൽ വാഹനസൗകര്യം ഏർപ്പെടുത്തുക
- മാലിന്യനിർമ്മാർജ്ജനം ഒരു സംസ്ക്കാരമായി രൂപപ്പെടുത്തിയെടുക്കുക

- കലാ-കായിക പ്രവർത്തിപരമായ വിദ്യാഭ്യാസത്തിന് അനുഗുണമായ ഭൗതിക സാഹചര്യങ്ങൾ ഏർപ്പെടുത്തുക
- കാർഷിക സാംസ്ക്കാരം പുതിയ തലമുറയിൽ വളർത്തിയെടുക്കുന്നതിന്റെ ഭാഗമായി ശാസ്ത്രീയമായ - കൃഷിരീതികൾ പരിചയപ്പെടുത്തുക. അതിനായി വിദ്യാലയത്തിലും കുട്ടികളുടെ ഭവനങ്ങളിലും വിദ്യാർത്ഥികളുടെ പങ്കാളിത്തത്തോടെ ജൈവകൃഷി പരിപോഷിപ്പിക്കുക
- ദിനാചരണങ്ങൾ - സാംസ്ക്കാരിക പ്രവർത്തനങ്ങൾ, ഇവയിലെല്ലാം സ്ക്കൂൾ പാർലമെന്റിന്റെ നേതൃത്വ പരമായ പങ്കാളിത്തം ഉറപ്പാക്കുക- അതിനായി സ്ക്കൂൾ പാർലമെന്റ് പ്രവർത്തനം ശക്തമാക്കുക
- പഠനമികവിനായി ഭൗതിക സൗകര്യങ്ങളുടെ മികവ് ഉറപ്പാക്കാൻ സ്ക്കൂൾ കെട്ടിടങ്ങൾ ആകർഷകമാക്കുക. അതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കുക
- സ്ക്കൂൾ കെട്ടിടങ്ങളോടൊപ്പം കളിസ്ഥലം, ശുചിത്വ സൗകര്യങ്ങൾ കുടിവെള്ള സൗകര്യം- ആധുനിക സൗകര്യങ്ങളോടുകൂടിയ പാചകപ്പുര, ഭക്ഷണഹാൾ, ഓപ്പൺ ആഡിറ്റോറിയം തുടങ്ങി അനിവാര്യമായ എല്ലാ സൗകര്യങ്ങളും ജനകീയ പങ്കാളിത്തത്തോടെ ഘട്ടംഘട്ടമായി ഒരുക്കുക.
- വിദ്യാലയ വികസനത്തിനായി സമഗ്ര വിദ്യാലയ വികസന രൂപരേഖ - തയ്യാറാക്കുക
- ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ ക്ലാസ് മുറികളും ഹൈടെക് ആക്കുക
- വിദ്യാലയ പ്രവർത്തനങ്ങൾ ആകർഷകമാക്കിയും പിന്തുണ നൽകിയും, കൊഴിഞ്ഞ്പോക്ക് ഇല്ലാത്ത അവസ്ഥ നേടുക
- കുട്ടികളുടെ മാനസിക സംഘർഷത്തിനും പിരിമുറുക്കത്തിനും അയവ് വരുത്താനുള്ള കൗൺസിലിംഗ് സൗകര്യം ഉണ്ടാക്കുക
- ഹൈസ്ക്കൂൾ, ഹയർ സെക്കന്ററി തലത്തിലെത്തുന്ന കുട്ടികൾ മാതൃഭാഷ, ഇംഗ്ലീഷ്, ഹിന്ദി, എന്നിവ

അനായാസമായി കൈകാര്യം ചെയ്യുന്നതരത്തിൽ ഏറ്റവും മികച്ച വിദ്യാഭ്യാസം വിദ്യാലയത്തിലൂടെ ഉറപ്പുവരുത്തുക

- കാലാവസ്ഥാ വ്യതിയാനങ്ങൾ അടക്കമുള്ള പ്രശ്നങ്ങൾ നേരിടുന്നതിന് സഹായകരമായ മനോഭാവം സൃഷ്ടിക്കുക. അതിനായി ഗ്രീൻ പ്രോട്ടോകോൾ വിദ്യാലയത്തിൽ നടപ്പിലാക്കുക
- പൂർവ്വ വിദ്യാർത്ഥികളെയും തദ്ദേശ സ്വയംഭരണ പ്രതിനിധികളേയും, മറ്റ് ജനപ്രതിനിധികളെയും, വിദ്യാഭ്യാസ തൽപരരായ വ്യക്തികളെയും സ്കൂൾ വികസന പ്രവർത്തനങ്ങളിൽ കണ്ണികളാക്കുക
- ശാസ്ത്ര, ഗണിത, സാമൂഹ്യശാസ്ത്രം, എന്നീ വിഷയങ്ങളിൽ അതാത് ക്ലാസിനനുസരിച്ച് ആശയം ഉറപ്പിക്കുകയും അഭിരുചി ഉണ്ടാക്കിയെടുക്കുകയും ചെയ്യുക

## 11. ഉപസംഹാരം

അക്കാദമിക മികവിൽ ഊന്നിക്കൊണ്ടുള്ള പെരിങ്ങമല ഇക്ബാൽ എച്ച്.എസ്.എസ്.ന്റെ സമഗ്രഗുണമേന്മ വിദ്യാലയ വികസന പദ്ധതി ഇവിടെ എഴുതി പൂർത്തീകരിക്കപ്പെടുമ്പോൾ, പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സ്കൂൾ മാനേജ്മെന്റ്, അദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ, പി.റ്റി.എ., എം.പി.റ്റി.എ., പൂർവ്വ വിദ്യാർത്ഥികൾ, സന്നദ്ധ സംഘടനകൾ എന്നിവർക്ക് ഒരുമിച്ച് നിൽക്കാം. അതുവഴി ഈ സ്കൂൾ മാസ്റ്റർ പ്ലാനിന്റെ ഉദ്ദേശലക്ഷ്യത്തിൽ എത്തിച്ചേരുവാൻ സാധിക്കട്ടെ.....

02.7.25 വാർഷിക കലണ്ടർ

| തീയതി | പ്രവർത്തനം | ചുമതല |
|---|---|---|
| 1.6 | പ്രവേശനോത്സവം | അധ്യാപകർ |
| 5.6 | പരിസ്ഥിതി ദിനാചരണം | സയൻസ് പരിസ്ഥിതി |
| 19.6 | വായനാദിനാചരണം | വിദ്യാരംഗം |
| 26.6 | ലോകമയക്കുമരുന്ന് വിരുദ്ധ ദിനാചരണം | എൻ.സി.സി. ഗാന്ധിദർശൻ |
| 1.7 | വനമഹോത്സവ ദിനം | എൻ.എസ്.എസ്. സയൻസ് |
| 5.7 | വൈക്കംമുഹമ്മദ് ബഷീർ ചരമദിനം | വിദ്യാരംഗം |
| 11.7 | ലോകജനസംഖ്യാ ദിനാചരണം | അധ്യാപകർ |
| 21.7 | ചാന്ദ്രദിനാചരണം | സയൻസ് ക്ലബ് |
| 28.7 | ലോകപ്രകൃതി സംരക്ഷണ ദിനം | അധ്യാപകർ |
| 6.8 | ഹിരോഷിമ ദിനാചരണം | എൻ.എസ്.എസ്. യാണിറ് |
| 9.8 | ക്വിറ്റിന്ത്യാ ദിനാചരണം നാഗസാക്കി ദിനാചരണം | എൻ.എസ്.എസ്. സയൻസ് |
| 15.8 | സ്വാതന്ത്ര്യദിനാഘോഷം | |
| 17.8 | കർഷകദിനം | അധ്യാപകർ. വിദ്യാർത്ഥികൾ |
| 21.8 | ഓണപരീക്ഷ ആരംഭിക്കുന്നു | കാർഷിക ക്ലബ് |
| 31.8 | ഓണാഘോഷം സ്കൂൾ അടക്കുന്നു | പ്രിൻസിപ്പാൾ . H/M |
| 11.9 | സ്കൂൾ തുറക്കുന്നു | |
| 15.9 | ഓണപരീക്ഷ വിലയിരുത്തൽ മീറ്റിംഗ് | പ്രിൻസിപ്പൽ . H/M |
| 2.10 | ഗാന്ധിജയന്തി ആചരണം | ഗാന്ധി ദർശൻ ക്ലബ് |
| 1.11 | കേരളപിറവി ദിനം | അധ്യാപകർ |
| 2.11 | സ്കൂൾതല കലാമത്സരങ്ങൾ | ആർട്സ് ക്ലബ് |
| 3.11 | കലോത്സവം | ആർട്സ് ക്ലബ് |
| 14.11 | ശിശുദിനം | അധ്യാപകർ |

| | | |
|---|---|---|
| 1.12 | ലോകഎയ്ഡ്സ് ദിനം | സയൻസ് ക്ലബ് |
| 13.12 | ക്രിസ്തുമസ് പരീക്ഷ തുടങ്ങുന്നു | അധ്യാപകർ |
| 22.12 | ക്രിസ്തുമസ് ആഘോഷം സ്കൂൾ അടക്കുന്നു | പ്രിൻസിപ്പാൾ. അധ്യാപകർ. Non teaching staff security |
| 1.1 | പുതുവത്സരദിനം | അധ്യാപകർ principle HM |
| 5.1 | ക്ലാസ്സ് പി.റ്റി.എ. second terminal examination വിലയിരുത്തൽ | Principal; IIM Class teachers |
| 12.1 | ദേശീയ യുവജന ദിനം | അധ്യാപകർ |
| 21.2 | ലോകമാതൃഭാഷാ ദിനം | വിദ്യാരംഗം |
| 22.2 | ലോക സ്കൗട്ട് ദിനം | അധ്യാപകർ |
| 28.2 | ശാസ്ത്രദിനാചരണം | സയൻസ് ക്ലബ് |
| 8.3 | SSLC I year II year HSE March | പ്രിൻസിപ്പാൾ. എച്ച്.എം. |

| | | |
|---|---|---|
| | വനിതാ ദിനം | അധ്യാപകർ, ഡെപ്യൂട്ടി അസി. |
| 21.3. | ലോകജല ദിനം | പ്രിൻസിപ്പാൾ, എച്ച്.എം. എൻ.എസ്.എസ്.അംഗങ്ങൾ. ടീച്ചേഴ്സ്. ക്ലബ് അംഗങ്ങൾ |
| 22.3. | ലോക കാലാവസ്ഥ ദിനം | പ്രിൻസിപ്പാൾ, എച്ച്.എം. എൻ.എസ്.എസ്.അംഗങ്ങൾ. സയൻസ് ക്ലബ് അംഗങ്ങൾ |
| 28.3. | SSLC I year II year HSE തീരുന്നു. | Principal, HM, Deputy Chief Supdt. Asst.Supdts. Non teaching staff, ITCT, security staff |
| 28.3. | SSLC II year HSE കുട്ടികൾക്ക് യാത്രയയപ്പ് | പ്രിൻസിപ്പാൾ, എച്ച്.എം., അധ്യാപകർ, അതത് ക്ലാസ്സ് അധ്യാപകർ |
| 30..3. | മധ്യവേനലവധിയ്ക്ക്സ്കൂൾ അടക്കുന്നു | Principal, HM, Teachers, Non -teaching staff and security |
| 31.3. | പാനിംഗ് | സ്റ്റാഫ് സെക്രട്ടറി |

## 12.10 സ്ക്കൂൾതല പ്രവർത്തനങ്ങൾ

### 12.10.1 പി.റ്റി.എ

പി.റ്റി.എ പ്രസിഡന്റിന്റെ നേതൃത്വത്തിൽ ശക്തമായ ഒരു പി.റ്റി.എ സ്ക്കൂളിൽ നിലവിലുണ്ട്. 8,9,10,11, 12 ക്ലാസ്സുകളിൽയഥാസമയം ക്ലാസ് പി.റ്റി.എ വിളിക്കുകയും പഠനനിലവാരം രക്ഷകർത്താക്കളെ ബോധ്യപ്പെടുത്തുകയും ചെയ്തുവരുന്നു. രക്ഷകർത്താക്കളും, അധ്യാപകരും ഒത്തുചേർന്ന് കൂട്ടായ ചർച്ചയിലൂടെ കുറവുകൾ പരിഹരിക്കാനുള്ള നിർദ്ദേശങ്ങൾ രൂപപ്പെടുത്തുകയും അവ തുടർന്നുള്ള പ്രവർത്തനങ്ങളിൽ പരിഹരിച്ച് മുന്നോട്ട് പോവുകയും ചെയ്യുന്നു. മികച്ച വിജയമാണ് പി.റ്റി.എയുടെ ലക്ഷ്യം. എന്നാൽ രക്ഷകർത്താക്കളുടെ പ്രാതിനിത്യം കുറയുന്നത് വലിയൊരു പോരായ്മയായി കാണുന്നു. അത് പരിഹരിക്കാനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ട്.

### 12.10.2 എസ്.ആർ.ജി.

ഹൈസ്ക്കൂൾ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ എല്ലാ വിഷയങ്ങൾക്കും സബ്ജക്ട് കൗൺസിൽ കൂടി ഹാർഡ് സ്പോട്ടുകൾ ചർച്ച ചെയ്യുകയും അത് പരിഹരിക്കാനുള്ള പ്രവർത്തനങ്ങൾ എസ്.ആർ.ജി യിൽ തന്നെ രൂപപ്പെടുത്തുകയും ചെയ്യുന്നു. എല്ലാ മാസവും രണ്ട് തവണ എസ്.ആർ.ജി കൂടുകയും യൂണിറ്റ് ആസൂത്രണം, പഠനനിലവാരം, പുതിയ ആസൂത്രണങ്ങൾ എന്നിവ ചർച്ച ചെയ്യുകയും തീരുമാനങ്ങൾ ഏകോപിപ്പിച്ച് മുന്നോട്ട് കൊണ്ടുപോവുകയും ചെയ്യുന്നു.

### 12.10.3 വായനാമൂല

കുട്ടികളിൽ വായനയുടെ പ്രാധാന്യം എത്തിക്കുന്നതിലേക്കായി ക്ലാസ് ലൈബ്രറികൾ സജീവമാക്കി. മികച്ച പ്രതികരണം ഓരോ കുട്ടികളിൽ നിന്ന് ലഭ്യമാകുന്നുണ്ട്. പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകൾ കൂടി ക്ലാസ്സിൽ തന്നെ ലഭ്യമാക്കേണ്ടതുണ്ട്.

### 12.10.4 ക്യൂ.ഐ.പി. ക്ലാസുകൾ

പത്താംക്ലാസിലെ കുട്ടികൾക്കായി അധിക പഠനസമയം കണ്ടെത്തുന്നതിലേക്കായി ജൂലൈ മാസം മുതൽക്കുതന്നെ വൈകുന്നേരം 4 മണി മുതൽ 5 മണിവരെ പ്രസ്തുത ക്ലാസുകൾ നടത്തിവരുന്നു.

### 12.10.8 സൗഹൃദ ക്ലബ്ബ്

സൗഹൃദക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമായ രീതിയിൽ നടന്നുവരുന്നു. കൗമാരക്കാരായ കുട്ടികൾക്കിടയിലുണ്ടാകുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അതിന് പരിഹാരം കാണുന്നതിനും വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഹെൽപ്പ് ഡെസ്ക് ഇതിന്റെ ഭാഗമാണ്.

### 12.10.9 ഗാന്ധിദർശൻ

കുട്ടികളിൽ സ്വാശ്രയശീലം വളർത്തിയെടുക്കുന്ന ലക്ഷ്യത്തോടെ സ്ക്കൂളിൽ ഗാന്ധി ദർശന ക്ലബ്ബ് കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ചോക്ക് നിർമ്മാണം, കുട നിർമ്മാണം, ലോഷൻ നിർമ്മാണം എന്നിവ കുട്ടികളെ പഠിപ്പിച്ച് വരുന്നു. സ്വാതന്ത്ര്യ ദിനം റിപ്പബ്ലിക്ദിനം, അബ്ദുൾകലാം അനുസ്മരണദിനം, ഗാന്ധിയജയന്തി എന്നീ ദിനങ്ങളിൽ സ്ക്കൂളിൽ നടത്തിവരുന്ന വിവിധ പരിപാടികളിൽ കുട്ടികളെ പങ്കെടുപ്പിക്കുകയും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നു.

### 12.10.10 ലഹരിവിരുദ്ധ ക്ലബ്ബ്

കേരള എക്സൈസ് ഡിപ്പാർട്ട്മെന്റുമായി സഹകരിച്ച് സ്ക്കൂളിൽ 2015 മുതൽ ലഹരിവിരുദ്ധ ക്ലബ്ബ് പ്രവർത്തിച്ചു വരുന്നു.

### 12.10.11 കരിയർ ഗൈഡൻസ് ആന്റ് കൗൺസിലിങ്ങ്

ഹൈസ്ക്കൂൾ ഹയർ സെക്കന്ററി വിഭാഗങ്ങളിൽ കൗൺസിലിങ്ങ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരുന്നുണ്ട്. മാനസിക പിരിമുറുക്കം അനുഭവിക്കുന്ന ധാരാളം കുട്ടികൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിച്ചു കൊടുക്കുവാൻ കൗൺസിലിംഗിലൂടെ സാധിക്കുന്നു. നിരവധി കൗൺസിലിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കുകയും മാനസിക സംഘർഷങ്ങൾക്ക് അടിമപ്പെടുന്ന ധാരാളം കുട്ടികളെ നേരായ വഴിയിൽ കൊണ്ടുവരുവാനും ഈ കൗൺസിലിംഗ് യൂണിറ്റിന് സാധിക്കുന്നുണ്ട്. കുട്ടികളുടെ ഉപരിപഠന സാദ്ധ്യതകളെക്കുറിച്ചും വേണ്ട ഗൈഡൻസ് നടത്തിവരുന്നു.

### 12.10.12 അറബിക്ലബ്ബ്

അറബി ഭാഷ എഴുതാനും വായിക്കാനുമുള്ള ശേഷി നേടുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ക്ലബ്ബാണിത്. ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ വിവിധ മത്സരങ്ങൾ സംഘടിപ്പിച്ച് ഭാഷാനൈപുണ്യം വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. അറബി പത്രവായന, ദേശീയവും, അന്തർദേശീയവുമായ അറബി സാഹിത്യകാരന്മാരെ പരിചയപ്പെടുത്തൽ, അറബി മാസിക തയ്യാറാക്കൽ എന്നിവ വിദ്യാർത്ഥികളെക്കൊണ്ട് സജീവമായി നടത്തിവരുന്നു. സ്കൂൾ കലോത്സവങ്ങളിൽ അറബിക്ലബ്ബിന് ഓവറോൾ ട്രോഫി സ്ഥിരമായി ലഭിക്കാറുണ്ട് എന്നത് സന്തോഷജനകമായ കാര്യമാണ്.

### 12.10.13 ഹെൽത്ത് ക്ലബ്ബ്

ഹെൽത്ത് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായ രീതിയിൽ നടന്നു വരുന്നു. ആരോഗ്യവകുപ്പ് നൽകുന്ന എല്ലാ നിർദ്ദേശങ്ങളും യഥാസമയം തന്നെ പാലിച്ച് പ്രശ്നങ്ങൾക്ക്

സംബന്ധമായ നൈപുണിയിലേക്ക് വിരൽ ചൂണ്ടുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു.

### 12.10.17 സീഡ്ക്ലബ്ബ്

കാർഷിക പ്രവർത്തനങ്ങൾക്കാണ് സീഡ്ക്ലബ്ബ് മുൻഗണന നൽകുന്നത്. അതോടൊപ്പം മാനുഷിക സാമൂഹിക പ്രതിബദ്ധത തെളിയിക്കുന്ന പ്രവർത്തനങ്ങളിൽ ക്ലബ്ബ് അംഗങ്ങൾ പങ്കാളികളാകുന്നു. അദ്ധ്വാനശീലരായ ഒരു നല്ല തലമുറയെ വാർത്തെടുക്കുന്നതിൽ സീഡ് ക്ലബ്ബിനുള്ള പങ്ക് വലുതാണ്.

### 12.10.18 വിദ്യാരംഗം കലാസാഹിത്യ വേദി

കുട്ടികളിൽ സാഹിത്യബോധം വളർത്തുന്നതിന്റെ ഭാഗമായി ഹൈസ്ക്കൂൾ വിഭാഗത്തിൽ വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തിച്ചുവരുന്നു. എല്ലാ ആഴ്ചയിലേയും ഒരു ദിവസം ക്ലബ്ബിന്റെ പ്രവർത്തനത്തിനായി അംഗങ്ങൾ ഒത്തുകൂടുന്നു. കഥാരചന, കവിത രചന, നാടൻപാട്ട് ആലാപനം, പുസ്തകാസ്വാദനക്കുറിപ്പ്, തിരക്കഥാ നിർമ്മാണം, എന്നിങ്ങനെ വിവിധ പരിപാടികൾ ക്ലബ്ബിന്റെ ഭാഗമായി നടത്തിവരുന്നു.

### 12.10.19 മാത്ത്സ് ക്ലബ്ബ്

ഗണിതം രസകരമാക്കാൻ സ്ക്കൂളിൽ ഗണിതക്ലബ്ബ് പ്രവർത്തിക്കുന്നു. പൈദിനം, പാസ്ക്കൽദിനം, രാമാനുജൻ ദിനം തുടങ്ങിയ ദിനാചരണങ്ങൾ വളരെ വിപുലമായി ആചരിക്കുന്നു. ജാമിതീയ പാറ്റേണുകൾ ഗണിതബോർഡിൽ പ്രദർശിപ്പിച്ച് കുട്ടികളിൽ കൗതുകം ജനിപ്പിക്കുന്ന പ്രവർത്തനങ്ങൾ ക്ലബ്ബ് നടത്തിവരുന്നു. ഗണിതകഥകൾ, ഗണിത കാർട്ടൂണികൾ, ഗണിത രൂപങ്ങൾ, എന്നിവ ക്ലബ്ബ് അംഗങ്ങൾ തയ്യാറാക്കി ഗണിതയോഗത്തിൽ അവതരിപ്പിക്കുന്നു.

### 12.10.20 ഇംഗ്ലീഷ് ക്ലബ്ബ്

ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിരവധി പരിപാടികൾ സംഘടിപ്പിക്കുന്നുണ്ട്. ഹലോ ഇംഗ്ലീഷ് പരിപാടിയിലൂടെ ഇംഗ്ലീഷ് ഭാഷ കുട്ടികൾക്ക് അനായാസം കൈകാര്യം ചെയ്യാൻ ക്ലബ്ബ് സഹായകമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

12.10.21 സയൻസ് ക്ലബ്ബ്

ശാസ്ത്രവിഷയങ്ങളിൽ കുട്ടികൾക്ക് കൗതുകം ജനിപ്പിക്കാനും പരീക്ഷണങ്ങളുടെ പുതിയ മാനങ്ങൾ കണ്ടെത്താനും ഈ ക്ലബ്ബിന്റെ പ്രവർത്തനം വഴി സാധിക്കുന്നുണ്ട്. ശാസ്ത്രക്വിസ്, ശാസ്ത്രജ്ഞന്മാരുടെ നേട്ടങ്ങൾ, ദിനാചരണങ്ങൾ എന്നിവ ക്ലബ്ബിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന വിവിധ പരിപാടികളാണ്.

12.10.22 സ്പോർട്സ് ക്ലബ്ബ്

കുട്ടികളിൽ കായിക വിദ്യാഭ്യാസത്തിന്റെ ഭാഗമായി മാനസികവും ശാരീരികവുമായ വളർച്ചയ്ക്ക് ആവശ്യമുള്ള പ്രവർത്തനങ്ങൾ സ്ക്കൂൾ-സ്പോർട്സ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്നു. ഇൻഡോർ-ഔട്ട്ഡോർ ഗയിമുകൾ, വ്യായാമ മുറകൾ എന്നിവ ക്ലബ്ബിന്റെ ഭാഗമായി നടത്തിവരുന്ന പ്രവർത്തനങ്ങളാണ്.

12.10.23 കാർഷിക ക്ലബ്ബ്

കാർഷികവൃത്തിയുടെ പ്രാധാന്യം കുട്ടികളിൽ എത്തിക്കുന്നതിന് വേണ്ടി സ്ക്കൂളിൽ നല്ലൊരു കാർഷിക ക്ലബ്ബ് പ്രവർത്തിക്കുന്നുണ്ട്. കൃഷിയിൽ താൽപ്പര്യമുള്ള ഒരു കൂട്ടം കുട്ടികളാണ് ക്ലബ്ബ് അംഗങ്ങൾ. കര നെല്ല്, വാഴ, ചേന, ചേമ്പ്, പയർ എന്നിവ സ്ക്കൂൾ വളപ്പിൽ തന്നെ കൃഷി ചെയ്ത് വരുന്നു. സീഡ് ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ ശ്രദ്ധേയമാണ്.

12.10.24 ഹിന്ദി ക്ലബ്ബ്

ഹിന്ദി ഭാഷ സംസാരിക്കാനും എഴുതാനും സാഹിത്യ സൃഷ്ടികൾ നടത്താനും വേണ്ടി ക്ലബ്ബ് നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നു.

12.10.25 സോഷ്യൽ ക്ലബ്ബ്

സാമൂഹിക അവബോധം കുട്ടികളിൽ ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ ക്ലബ്ബ് പ്രവർത്തിച്ചു വരുന്നത്. ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ നിരവധി പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.